

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA TVM /BP/629/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 01/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസനവകുപ്പ്,
തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: No.KSA TVM /BP/629/2022 തീയ്യതി: 01/06/2022

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷീലാ ഉബാൾഡ്	ജോയിന്റ് ഡയറക്ടർ	05-04-2022	12-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-04-2022	12-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശാലിനി. വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി തനൂജ എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബിജു.ബി	പ്രസിഡന്റ്	01-04-2020	20-10-2020
ശ്രീമതി.വി.അമ്പിളി	പ്രസിഡന്റ്	20-10-2020	31-03-2021
ശ്രീ.സുരേഷ് കുമാർ കെ.എസ്	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രശ്മി ആർ	അസി.എക്സി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ.ആന്റണി റോസ്	അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, നെടുമങ്ങാട്	01-04-2020	22-06-2020
ശ്രീമതി.ഷീബാ തൊമസ് (IC)	അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, നെടുമങ്ങാട്	23-06-2020	27-07-2020
ശ്രീമതി.പ്രേമവല്ലി.എം	അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, നെടുമങ്ങാട്	27-07-2020	31-03-2021
ശ്രീമതി.സുധാ ദേവി	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട്	01-04-2020	31-05-2020
ശ്രീമതി.അംബികാ ദേവി	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട്	31-05-2020	17-09-2020
ശ്രീമതി.ജിഷിത.ഇ	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട്	18-09-2020	31-03-2021
ശ്രീമതി.അംബിക ദേവി	ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട് (അഡീഷണൽ, കരകുളം)	01-04-2020	31-03-2021
ശ്രീ.ബിജു വി.ഒ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	01-04-2020	25-01-2021
ശ്രീമതി.ഷാനിബ.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	26-01-2021	31-03-2021

ശ്രീ.ജോൺ ജെ ലതീഷ്	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	01-04-2020	05-01-2021
ശ്രീ.കൃഷ്ണൻ നമ്പൂതിരി	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, നെടുമങ്ങാട്	06-01-2021	31-03-2021
ശ്രീമതി.രാജിത എൽ.എസ്	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	01-04-2020	30-09-2020
ശ്രീ.ബിനു കെ.എസ് (ലേറ്റ്)	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	01-10-2020	23-10-2020
ശ്രീ.രാജേഷ് ജി.ആർ (IC)	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	23-10-2020	11-01-2021
ശ്രീമതി.ശ്രീകല	പട്ടികജാതി വികസന ഓഫീസർ, നെടുമങ്ങാട്	11-01-2021	31-03-2021
ഡോ.വി.കെ.ബിന്ദു	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	01-04-2020	31-05-2020
ഡോ.ദിപ എസ്.എസ് (IC)	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	01-06-2020	27-07-2020
ഡോ.ശാന്തി എൽ.പി	സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി	28-07-2020	31-03-2021
ശ്രീ.ശിബികുമാർ ബി.എസ്	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	2020-21 ബജറ്റ് അപാകങ്ങൾ	1-1-1
3	വാർഷിക ധനകാര്യപത്രിക- അപാകങ്ങൾ	1-2-1
4	വാർഷിക ധനകാര്യപത്രിക	1-2
5	ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ	1-3-1
6	ഗ്രാന്റ് വിനിയോഗം	1-3
7	പദ്ധതി അവലോകനം	1-4
8	ക്യാഷ് ബാലൻസ് പരിശോധന	1-5
9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ	1-6
10	ആഭ്യന്തര നിയന്ത്രണം	1-7
11	രസീത് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ	1-8
12	വാടകനിരക്ക് നിശ്ചയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല	1-9
13	തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ	1-10
14	നിഷ്ക്രിയ ഫണ്ടുകൾ തിട്ടപ്പെടുത്തി തിരികെ ഒടുക്കുവരുത്തിയിട്ടില്ല	1-11
15	അധിക തുക നൽകി എ.സി പർച്ചേസ് ചെയ്തു - 3050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-12
16	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി നൽകിയ 15000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.	1-13
17	ആനാട് ചന്ദ്രൻകുഴി പട്ടികജാതി കോളനിയ്ക്ക് അധികതുക നൽകൽ - പ്രോജക്ടിന്റെ അപാകതകൾ	1-14
18	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർവ്വഹണത്തിലെ അപാകതകൾ	1-15
19	വികസന ഫണ്ടിൽ നിന്നുള്ള ചെലവ് - സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-16
20	ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 5,00,000 രൂപ തടസ്സപ്പെടുത്തുന്നു	1-17
21	ഭിന്നശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ അനുവദിച്ചതിലെ അപാകതകൾ	1-18
22	തേനും കുമിളും പ്രോജക്ട് - ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
23	ലൈഫ് ഭവന പദ്ധതി - വിനിയോഗസാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല – 6573792/-രൂപ തടസ്സപ്പെടുത്തുന്നു	1-20
24	സൗരോർജ്ജ പാനൽ ,സൗരവിളക്ക് എന്നിവ സ്ഥാപിച്ചില്ല – 962500/-രൂപ തടസ്സപ്പെടുത്തുന്നു.	1-21
25	ഫർണിച്ചർ ലാപ്പ്ടോപ്പ് എന്നിവ വാങ്ങിയതിലെ അപാകതകൾ -2185245/- രൂപ തടസ്സപ്പെടുത്തുന്നു.	1-22

26	ഡസ്റ്റ് റിമൂവർ ലഭ്യമായില്ല -242034/-രൂപ തടസ്സപ്പെടുത്തുന്നു	1-23
27	ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥാപനത്തെ തെരഞ്ഞെടുത്തു	1-24
28	ഡെപ്പോസിറ്റ് വർക്കുകൾ നടത്തിപ്പിൽ അപാകത - 3059600/-രൂപ തടസ്സപ്പെടുത്തുന്നു	1-25
29	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 6139359/- രൂപ തടസ്സപ്പെടുത്തുന്നു.	1-26
30	ജനകീയ ഹോട്ടൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ - 20000/- രൂപ തടസ്സപ്പെടുത്തുന്നു	1-27
31	ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല -1497000/-രൂപ തടസ്സപ്പെടുത്തുന്നു	1-28
32	ബ്ളോക്ക് തല ടീം രൂപീകരിച്ചതിന്റെ രേഖകൾ ഇല്ല	1-29
33	പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപേ പ്രവൃത്തി റിവൈസ് ചെയ്തു	1-30
34	അറുമ്പൻ കോട്ടുകോണം-മുള്ളിലവിൻമൂട് റോഡ് അരുവിക്കര ഗ്രാമപഞ്ചായത്ത് -;ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കിയില്ല	1-31
35	പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു	1-32
36	ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ -പൊതുമരാമത്ത് ചട്ടം പാലിക്കുന്നില്ല	1-33
37	ടെണ്ടർ രജിസ്റ്റർ പരിപാലനം-അപാകതകൾ	1-34
38	തനതുഫണ്ട് ചെലവുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല	1-35
39	സമൃദ്ധി ആട് പ്രജനന യൂണിറ്റ് - ഫ്ലോറിംഗ്-അപാകതകൾ	1-36
40	തെ വിതരണം - തുടർ സംരക്ഷണം മോണിറ്ററിംഗ് ചെയ്തിട്ടില്ല	1-37
41	ആർദ്രം മിഷൻ പ്രോജക്ട് - തുക വകമാറ്റി ചെലവഴിച്ചതിന് അംഗീകാരം വാങ്ങിയിട്ടില്ല	1-38
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി നൽകിയ 15000 രൂപ തിരികെ ഈടാക്കേണ്ടതാണ്	3-1
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടി വിവരം	4-8

9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷം 15,14,10,441/- രൂപ വരവും 15,03,44,100/- രൂപ ചെലവും 1066341/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ ജനറൽ കമ്മിറ്റി 18.03.2020ലെ 1/1-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു.

1-1-1 2020-21 ബജറ്റ് അപാകങ്ങൾ

1.ബജറ്റ് രൂപീകരണം

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം -23/11.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല :- 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.19/30.03.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3.ബജറ്റ് അവലോകനം

I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട്(മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. എന്നാൽ ഇത്തരത്തിലുള്ള പ്രതിമാസ അവലോകനം നടത്തിയിട്ടില്ല.

Ii)വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാനുവൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനുവൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

4. 2020-21 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I)റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്.വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	ബജറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ് പ്രകാരമുള്ള തുക
1	1301001	സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക	226205	182725
2	1504001	വാഹന വാടക	88400	0

Ii)ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം

ക്രമ നം.	ഹെഡ് ഓഫ് അക്കൌണ്ട്	ഇനം	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ്.പ്രകാരമുള്ള തുക
1.	2501003	Agriculture Development Programmes	29750	-
2.	2501055	Seabass Farming	920000	-
3.	2505003	Solar Power Generation	1000000	-
4.	2510115	Literacy Equivalence Examination	150000	-

5.	2511008	Youth Welfare	110991	-
6.	2512005	Hospital Waste Management	5,00,000	-

Iii) ബജറ്റ്, 2021-22 ലെ ബജറ്റിനൊപ്പം പാസാക്കിയ 2020-21ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ഹെഡ് ഓഫ് അക്കൌണ്ട്.	ബജറ്റ് പ്രകാരമുള്ള തുക	റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ്. പ്രകാരമുള്ള തുക
1.	കൃഷിയും അനുബന്ധ മേഖലയും - നെൽകൃഷി	2501002	0	0	29750/-
2.	സ്പോർട്സ്	2511008	0	0	110991/-
3.	വിദ്യാഭ്യാസം അനുബന്ധപ്രവർത്തനങ്ങൾ	2511013	0	0	3,700,000/-
4.	പദ്ധതി രൂപീകരണം , മോണിറ്ററിംങ്	2516005	200000	100000	144913/-

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്,ആയതിനാൽ മേൽ പട്ടികയിൽ പറയുംപ്രകാരം ബജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള ചെലവ് നടത്തിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 23/11.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

5. <u>ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല</u>

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരീക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2021-22-ലെ ബജറ്റിനൊപ്പം 2020-21-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 23/11.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് സംബന്ധമായ മേൽ അപാകങ്ങൾക്ക്, സാധൂകരിക്കുന്ന വ്യക്തമായ മറുപടി നൽകേണ്ടതും, തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-2-1 വാർഷിക ധനകാര്യപത്രിക- അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3. എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ക്രമ നം 1,2,3,4,5,6 വരെയുള്ള ഹെഡുകളിൽ 2018-19മുതൽ 2020-21 വരെ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.ക്രമ നം7 പ്രകാരമുള്ള ഹെഡിൽ 2019-20, 2020-21 ൽ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	നീക്കിയിരിപ്പ് തുക
1	320100115	Centrally Sponsored Scheme-Total Sanitation Campagin (TSC)	105900/-
2	320100126	Centrally Sponsored Scheme-Programmes For Yuva Creeda And Khel Abhiyan (PYCKA)	10,898/-
3	320200309	Literacy Scheme Grant	13,410/-
4	320700405	Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats	500,000/-
5	320900102	Best Panchayat Award From Central Government	2,500,000/-
6	320900399	Other Awards And Honours	100,000/-
7	320300199	Grants,Funds &Contributions For Specific Purposes -Other Government Agencies	200093/-

പ്രസ്തുത ഫണ്ടുകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും ,അവ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി 12/ 07.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4. സംയുക്ത പ്രോജക്ടുകളുടെ ചെലവഴിക്കാത്ത തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു.

23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴികാതെ തനതുഫണ്ടിൽ അവശേഷിക്കുന്നു(B -4 Schedule).വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ക്രമ നം 3 പ്രകാരമുള്ള ഹെഡിൽ 2019-20 ൽ 7,768,601/- രൂപ നീക്കിയിരിപ്പായിട്ടുണ്ടായിരുന്നു.ക്രമ നം 2,4 വരെയുള്ള ഹെഡുകളിൽ 2018-19മുതൽ 2020-21 വരെ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	നീക്കിയിരിപ്പ് തുക

1	320700202	Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporation	15,000,000/-
2	320700203	Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats	7,65,469/-
3	320700205	Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats	79,86,243/-
4	320700208	Contributions For Joint Venture Projects (For Centrally Sponsored Scheme) - From Village Panchayats	232,916/-

5. 2020-21 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ Beneficiary Contribuion ഇനത്തിൽ 474400/ രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

6. 2020-21 സാമ്പത്തിക വർഷത്തെB-7, RP-34(വരവ്), RP-34(ചെലവ്), 2019-20 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
Contractors EMD	6150	0	0	6150
Suppliers EMD	8000	0	0	8000
Bidders Security Deposit	2850	0	0	2850
Contractors Retention	210496	225365	209822	213507
Other Deposit	75832	5000	29191	51641
Auction Deposit	39791	0	0	39791

ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ ആയതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ് ,ചെലവ് , നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

Contractors EMD,Suppliers EMD,Bidders Security Deposit,Auction Deposit എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2019-20 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്.കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.Contractors Retention ന്റെ AFS പ്രകാരമുള്ള വരവ് ,ചെലവ് , നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. 2018-19, 2019-20, 2020-21 വർഷങ്ങളിലെ B 9 Schedule -Other Liabiliies ലെ തുകകൾ മുൻ വർഷത്തെ പോലെ മാറ്റമില്ലാതെ അവശേഷിക്കുന്നു.

Code No	Particulars	Amount
350110199	Other Employee Liabilities Payable	10,000/-
350200202	Recoveries Payable - Value Added Tax	118/-
350300103	Government And Other Dues Payable - Value Added Tax	6,653/-
350300109	Government And Other Dues Payable -Refund Of Unutilised Grants Of Prior Period	10,000/-
350400501	Refunds Payable - Grants And Funds	48,000/-

മുൻ വർഷങ്ങളിൽ തുകകൾ ക്രമീകരിക്കാത്തതിനാലാണ് തൻ വർഷവും തുകകൾ മാറ്റമില്ലാതെ തുടരുന്നത്.

8. B 9 Schedule -Other Liabiliies ലെ തുകകൾ അടവാക്കാതെ അവശേഷിക്കുന്നു

Code No	Particulars	Amount

350300106	Government And Other Dues Payable - Revenue Recovery	25918/-
350409901	Refunds Payable - Others	298,685/-

Government And Other Dues Payable - Revenue Recoveryൽ നീക്കിയിരിപ്പായുള്ള തുക 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ് .

9. ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 37141/-രൂപ നീക്കിയിരിപ്പുണ്ട്.ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

10. ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽB ,I-17(a) ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത പരിശോധനയ്ക്കാൻ കഴിഞ്ഞില്ല. ആയത് ഹാജരാക്കേണ്ടതാണ്.

11. 2020-21 B-12 ഷെഡ്യൂളിൽ Investments- Equity Shares എന്ന ഹെഡില്10,00,000/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12. 2020-21 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	സൂലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ഗ്രാമ പഞ്ചായത്ത് വിഹിതം	998385	0	998385	**0**	998385	998385
ജില്ലാപഞ്ചായത്ത് വിഹിതം	8268601	217642	8486243	**0**	8486243	8486243
മുനിസിപൽ കോർപ്പറേഷൻ വിഹിതം	0	1,50,00000	1,50,00000	**0**	1,50,00000	1,50,00000
ആകെ	9266986	15217642	24484628	**0**	24484628	24484628

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പ് തുക 24484628/-രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 803911 /- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

13. വാർഷിക ധനകാര്യ പത്രികB18ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	ഇനം	മുന്നിരിപ്പ് (2019-20 B18)	വരവ്	ചെലവ്	നീക്കിയിരിപ്പ് (2020-21 B18)
1	Temporary Advance For Official Purposes	511949	34306	-	546255
2	Tour TA Advances	56994	-	-	56994
3	Advance To Implementing Agencies-Deposit With KWA	1863000	-	-	1863000
4	Advance To Others	38335	-	-	38335

2019-20 വാർഷിക ധനകാര്യപത്രികയിലെ B18ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച്

വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല /അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ലഭ്യമായ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാല് B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

14. താഴെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്കായി2020-21 ൽ കേരള വാട്ടർ അതോറിറ്റി യ്ക്ക് തുക നൽകിയിട്ടുണ്ട്.എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം	പേര്	അടങ്കൽ തുക	ചെലവ് തുക
16/21	കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	2910000	2790000
51/21	അരുവിക്കര ഗ്രാമപഞ്ചായത്ത് പട്ടികജാതി കോളനി കുടിവെള്ളപദ്ധതി	269600	269600

15. MGNREGS ന്റെ അക്കൗണ്ടിന്റെ (ബാങ്ക് ഓഫ് ഇന്ത്യയിൽ നെടുമങ്ങാട് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് (A/C നം 85341011000) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.21ൽ 6,93,232.09 /- രൂപ നീക്കിയിരിപ്പുണ്ട്. അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്,ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു. വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പടുത്തിയിട്ടില്ല.

	ക്യാഷ് ബുക്ക് പ്രകാരം
മുന്നിരിപ്പ്	481470.23
വരവ്	1249524
ചെലവ്	1037762.14
നീക്കിയിരിപ്പ്	693232.09

16. I-18 ഷെഡ്യൂളിൽ Prior Period Income-Recovery Of Unutilised Grants ഇനത്തിൽ 28991/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

17. വാർഷികധനകാര്യ പത്രിക പ്രകാരം പൊതുവിഭാഗം വികസനഫണ്ടിന്റെ ചെലവ് തുകയും (35549923/-),ACR പ്രകാരമുള്ള ചെലവ് തുകയും (36143307/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

18. 2020-21 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക RP 10 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന വരവുകൾ ഉണ്ട്.പ്രസ്തുത വരവ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	ഹെഡ് ഓഫ് അക്കൗണ്ട്	
1	Voluntary Contributions & Donations	139250
2	Contributions From Other Sources	27300

19. ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 803911/- രൂപയും,ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 551143/- രൂപയുമാണ് നീക്കിയിരിപ്പ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ അക്കൗണ്ടിന്റെ RP 40(b) , B-17 എന്നിവയിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

20. B11(a) പ്രകാരം Capital Work In Progress ൽ 2657700/-രൂപയാണ് നീക്കിയിരിപ്പുള്ളത്. 2020-21 സാമ്പത്തികവർഷം ആസ്തി രൂപീകരണത്തിനായി പാർട്ട് ബിൽ പേയ്മെന്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറി നം - 08/06 .04.2022 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ മേൽ തുകയുടെ കൃത്യത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

21. സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് പ്രകാരം 28.05.20മുതൽ 02.06.20 വരെയുള്ള തീയതികളിൽ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

തീയതി	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്

28.05.20	0	0	19358	-19358
04.07.2019	-19358	758750	758750	-19358

1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി
31.7.2021	**15.05.2021**	-	-

1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ട്	ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക	എ.സി.ആർ പ്രകാരമുള്ള തുക
വികസനഫണ്ട്(ജനറൽ)	35464898	36143307

2. കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരം ശുചിത്വമിഷൻ, PYCKA എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നീക്കിയിരിപ്പുണ്ട്.

3. സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

4.സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം .ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 7023120/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് 6429270 /-രൂപ മാത്രമാണ് വകയിരുത്തിയത് .ആയതിൽ 4763156/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ ചെലവ് ശതമാനം 74% മാത്രമാണ്.

5. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 3601340/- രൂപയാണ്. ആകെ 2957325/-രൂപയാണ് വനിതാഘടകപദ്ധിയ്ക്കായി അടങ്കൽ വകയിരുത്തിയിട്ടുള്ളത്. 2257325 രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 76 % മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

6.സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനപദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 1800670/- രൂപയാണ്. എന്നാൽ ആകെ 1380000 /-രൂപയാണ് പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി അടങ്കൽ വകയിരുത്തിയിട്ടുള്ളത് .ആയതിൽ 780000/- രൂപ മാത്രമാണ്

ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 56% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

7. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പട്ടിക ജാതി ഉപപദ്ധതിവിഹിതത്തിന്റെ മുപ്പത് ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ലായെന്നിരിക്കെ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനമായ 5852600/-രൂപ വരെ പരമാവധി വകയിരുത്തുവാൻ കഴിയുമായിരുന്നുള്ളുവെന്നിരിക്കെ 13443157/- രൂപ ഈയിനത്തിൽ വകയിരുത്തുകയും 11007548/-ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

8. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം പഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം. 74 (അടങ്കൽ തുക2557875) വകയിരുത്തിയിരുന്നുവെങ്കിലും വകയിരുത്തിയ 2161500/-രൂപ മാത്രമാണ് ചെലവഴിച്ചത്. അനിവാര്യ വകയിരുത്തലിനായി പ്രോജക്ട് വച്ചെങ്കിലും അത് പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 06/06.04.2022ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന അപാകങ്ങളാണ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളത്.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് തുക
A)വികസനഫണ്ട് (ജനറൽ)	0	37405715	37405715	35464898	1940817
വികസനഫണ്ട്(എസ്.സി.പി)	0	13412291	13412291	12797298	614993
വികസനഫണ്ട് (ടി.എസ്.പി)	0	1062000	1062000	307495	754505
CFC(tied)	0	7020000	7020000	5837199	1182801
CFC(untied)	0	7020000	7020000	6347305	672695
Maintenance Fund(nonroad)	0	6520375	6520375	6455164	65211
B)CSS	0	0	0	0	0
C)SSS	0	0	0	0	0

A) ACR പ്രകാരമുള്ള ചെലവ് 36143307/-രൂപയും,AFS പ്രകാരമുള്ള ചെലവ് 35549923/- രൂപയുമാണ്

B) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരം ശുചിത്വമിഷൻ, PYCKA എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നീക്കിയിരിപ്പുണ്ട്.

C) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-4 പദ്ധതി അവലോകനം

അംഗീകാരം	പദ്ധതി	നടപ്പാക്കിയത്	പദ്ധതി	നടപ്പാക്കാത്തവ	പൂർത്തീകരിച്ച

ലഭിച്ചത്(എണ്ണം)	അടങ്കൽ	(എണ്ണം)	ചെലവ്	(എണ്ണം)	പ്രോജക്ടുകളുടെ ശതമാനം
112	123188675	93	69568406	19	83

പദ്ധതി രൂപീകരണം- അപാകതകൾ.

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 20.11.2019ൽ യോഗം ചേർന്ന (പ്രസ്തുത തീയതിയിൽ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല)ശേഷം 08.09.2020ൽ മാത്രമാണ് ആസൂത്രണ സമിതി യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത തീയതിയിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തുകയോ മിനിട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. ആസൂത്രണ സമിതി അതിന്റെ ചുമതലകൾ നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2 .സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ജനുവരി, ഫെബ്രുവരി, മാർച്ച് തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുംപ്രകാരമുള്ള ബ്ലോക്ക്പഞ്ചായത്ത് ഗ്രാമസഭ ചേർന്നിട്ടുണ്ടോയെന്ന് മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഉറപ്പാക്കാനായിട്ടില്ല.

4. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.4.2 (1) പ്രകാരംപദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോസ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ

നൽകിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

5. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അവസ്ഥാവിശകലനത്തെ അടിസ്ഥാനമാക്കിയാണോ പദ്ധതികൾ രൂപീകരിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.

6. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ അടങ്കൽ തുക 123188675/- രൂപയും ചെലവ് 69568406/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 56% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.04 .2022, 10.15 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടു.

1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	07.01.2022 മുതൽ 12.01.2022 വരെ	2020-21	26.03.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.06.2020 മുതൽ 03.07.2020 വരെ	2015-16 മുതൽ 2019-20വരെ	16.09.2020

1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം ഏറെക്കുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നു. പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 1-11-21 ലെ 84/21 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ എല്ലാ ദിവസവും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മറ്റ് രജിസ്റ്ററുകളിൽ അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കുറ്റമറ്റരീതിയിൽ സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2020-21 വർഷം ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ

വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ക്യത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൻമേൽ യഥാസമയം നടപടികൾ കൈകൊള്ളുന്നുണ്ട്. KL57/B 9791 മഹീന്ദ്രാ ജീപ്പിന്റെ ലോഗ് ബുക്കിൽ 2-9-2019 മുതൽ 18-2-2020 വരെയുള്ള കാലയളവിൽ യാത്രാ വിവരം രേഖപ്പെടുത്തിയ പേജ് കൺട്രോളിംഗ് ഓഫീസറായ ബി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നകാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. 1995-96 മുതൽ 2019-20 വരെ വർഷങ്ങളിലെ 18 ഓഡിറ്റ് റിപ്പോർട്ടുകളിലായി ആകെ 73 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിലെ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് തേനീച്ച കോളനികളും കുമിൾ തടങ്ങളും ഫലവ്യക്ഷ തൈകളും വിതരണം ചെയ്ത ശേഷം അവ യഥാവിധി പരിപാലിക്കുന്നുണ്ടോയെന്ന് യാതൊരു വിധ മോണിറ്ററിംഗും ചെയ്യാത്തത് ഗുരുതര പിഴവാണ്. മോണിറ്ററിംഗ് കുറച്ചു കൂടി കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ചൂണ്ടിക്കാട്ടിയ അപാകതകൾ കൂടി പരിഹരിച്ച്, അഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 രസീത് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ

01.04.20 മുതൽ 30.03.2021 വരെയുള്ള രസീതു ബുക്കുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. സ്റ്റോക്കിലെടുക്കുന്നതും വിതരണം ചെയ്യുന്നതുമായ രസീതു ബുക്കുകളുടെ നമ്പറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. (രസീതു ബുക്ക് നമ്പർ-1216,1217)

4.ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തി . സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാഹരണം -രസീത് നം 88/1217)

5.ഡെയ് ലി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.വരവുകൾ സ്വീകരിക്കുമ്പോൾ സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം 29/11 .04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-9 വാടകനിരക്ക് നിശ്ചയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വാടകയിനത്തിൽ സ്വീകരിച്ച വരവുകളുടെ പരിശോധനയിൽ (രസീത്,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ) താഴെ പറയുന്ന അപാകങ്ങൾ കാണുന്നു:-

1.നെടുമങ്ങാട് ബ്ളോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാടകയ്ക്ക് കൊടുക്കാവുന്ന കെട്ടിടം/ സ്ഥലങ്ങളുടെ വിശദാംശം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2.2020-21 സാമ്പത്തിക വർഷത്തെ രസീത്,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ട്.

ക്രമ നം.	സ്ഥാപനം	തുക
1	മുണ്ടേല ഷോപ്പിംങ് കോംപ്ളക്സ്	16575
2	അതിഥി ആർട്സ് & സ്പോർട്സ് ക്ളബ്	3304

3	ബാഡ്മ്മിന്റൺ കോർട്ട്	165120
4	ബയോകൺട്രോൾ ലാബ്	8260

മേൽ പറഞ്ഞ കെട്ടിടം/സ്ഥലങ്ങൾ എന്നിവയിൽ നിന്നും ഈടാക്കുന്ന വാടകയുടെ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3.2020-21 ൽ താഴെ പറയുന്ന കെട്ടിടം/സ്ഥലങ്ങൾ എന്നിവയിൽ നിന്നും വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല.നിരക്കുകൾ ലഭ്യമല്ലാത്തതിനാൽ ഈടാക്കിയ വാടകയുടെ കൃത്യത, , ഈടാക്കുവാനുള്ള വാടക എന്നിവ എത്രയാണെന്നും കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

ക്രമ നം.	സ്ഥാപനം	വാടക ഈടാക്കിയ മാസങ്ങൾ	വാടക ഈടാക്കുവാനുള്ള മാസങ്ങൾ
1	മുണ്ടേല ഷോപ്പിംങ് കോംപ്ലക്സ്	04/20-12/20	01/21-03/21
2	അതിഥി ആർട്സ് & സ്പോർട്സ് ക്ളബ്	04/20-05/20	06/20-03/21
3	ബയോകൺട്രോൾ ലാബ്	04/20-10/20	11/20-03/21

4.അരുവിക്കര ഇൻഡോർ സ്റ്റേഡിയ (ബാഡ്മിന്റൺ കോർട്ട്) ത്തിന്റെ വാടക രജിസ്റ്റർ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 33/12.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-10 തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ

സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. വാർഷികധനകാര്യപത്രിക RP40(b) പ്രകാരം താഴെപ്പറയുന്ന അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ട്.

ക്രമ നം	ബാങ്കിന്റെ പേര്	അക്കൗണ്ട് നം.	നീക്കിയിരിപ്പ് തുക
1	കേരള ഗ്രാമീൺ ബാങ്ക്	40326100102259	645340
2	കേരള ഗ്രാമീൺ ബാങ്ക്	40326101076295	143660
3	എസ്.ബി.ഐ	37702000147	877243

4	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	556202010013690	8526023
5	ആനാട് ഫാർമേഴ്സ് കോപറേറ്റീവ് ബാങ്ക്	004002000317	232774
6	കാനറാ ബാങ്ക്	2683101002160	65069

മേൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നം. 30/11.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ തനത് ഫണ്ട് സൂക്ഷിക്കേണ്ട സാഹചര്യം വിശദമാക്കേണ്ടതും അതോടൊപ്പം ആവശ്യമില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-11 നിഷ്ക്രിയ ഫണ്ടുകൾ തിട്ടപ്പെടുത്തി തിരികെ ഒടുക്കു വരുത്തിയിട്ടില്ല

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.04.2019 തീയതിയിലെ നം.എ5/574/19/പി.എ.യു. കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ. മാരുടെ ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടിൽ തുക നീക്കിയിരുപ്പുള്ളതായും, ഇത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ഇ.എം.എസ്. വായ്പ തിരിച്ചടവിലേക്കു ഉപയോഗിക്കുവാനും, വായ്പ ക്ലോസ് ചെയ്ത തദ്ദേശ സ്ഥാപനങ്ങളിലെ വി.ഇ.ഒ. മാരുടെ അക്കൗണ്ടിലെ തുക ട്രഷറിയിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ബാങ്ക് അക്കൌണ്ടിലെ നീക്കിയിരുപ്പ് ശൂന്യമാക്കിയ ശേഷം, പ്രസ്തുത തീയതി വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി, അതുവരെയുള്ള റീകൺസിലിയേഷൻ പൂർത്തിയാക്കിയ ശേഷം മാത്രം അക്കൌണ്ട് ക്ലോസ് ചെയ്യുന്നതിനും എല്ലാ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

സൂചന പ്രകാരം വി.ഇ.ഒ. മാരുടെ ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളതായി അറിയിച്ചിരുന്ന തുകയുടെ വിശദാംശം ചുവടെ.

ക്രമ നം	ഗ്രാമ പഞ്ചായത്ത്	അക്കൗണ്ട് നം.	ബാങ്ക്	01.07.2016 ലെ നീക്കിയിരുപ്പ്		വായ്പ/ ട്രഷറി ഹെഡുകളിൽ തിരികെ ഒടുക്കിയ തുക
				മുതൽ	പലിശ	
1	ആനാട്	220/09	ആനാട് ഫാർമേഴ്സ്സർവീസ് സഹകരണ ബാങ്ക്	5,43,728	-	0
2	അരുവിക്കര	9638	അരുവിക്കര ഫാർമേഴ്സ്സർവീസ് സഹകരണ ബാങ്ക്	6,79,934	-	0
3.	കരകുളം	10832	കേരള സർവ്വീസ് സഹകരണ ബാങ്ക്	2,17,330	-	-
4	പനവൂർ	69/09	തിരുവനന്തപരും ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് ,പനവൂർ	6,28,947		

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 8.11.2019ൽ B.P5/1750/19/NDD പ്രകാരം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) ന് നൽകിയ കത്തിൽ നിഷ്ക്രിയ അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ ക്ളോസ് ചെയ്ത് അവശേഷിക്കുന്ന തുക അടിയന്തിരമായി തിരിച്ചടയ്ക്കാനുള്ള നിർദ്ദേശം വി ഇ ഒ മാർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.പരിശോധനയ്ക്കായി ലഭ്യമാക്കിയ ഫയലിൽ തുക തിരികെ ഒടുക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല.മേൽ തുകകൾ ഒടുക്കിയത് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി

നം -24/11.04.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിഷ്ക്രിയ ഫണ്ടുകൾ തിട്ടപ്പെടുത്തി തിരികെ ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 അധിക തുക നൽകി എ.സി പർച്ചേസ് ചെയ്തു - 3050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രി-ലാബ് സജ്ജീകരിക്കൽ
പദ്ധതി നമ്പർ	13/21
പദ്ധതി അടങ്കൽ	3,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)
പദ്ധതി ചെലവ്	50,416 (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ബിൽ നം./ തീയതി	169/16.02.21- തുക 50,416
നിർവഹണ ഉദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, ഹോമിയോ

മേൽ പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് താലൂക്ക് ഹോമിയോ ആശുപത്രിയിലെ ലാബ് സജ്ജീകരിക്കുന്നതിനായി ഒരു എ.സി യടക്കം ലാബ് ഉപകരണങ്ങൾ, ലാബ് റീഏജന്റ്സ് എന്നിവ പർച്ചേസ് ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. റേറ്റ് കോൺട്രാക്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഒരു എ.സി മാത്രമാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന പർച്ചേസ് ചെയ്തിട്ടുള്ളത്. മെഡിസിൻസ്, മറ്റ് മെഡിക്കൽ ഐറ്റംസ് എന്നിവ ഒഴികെ എസി പോലെയുള്ള ഇലക്ട്രിക് സാധനം വാങ്ങുന്നതിന് മേൽ സ്ഥാപനത്തിന് റേറ്റ് കോൺട്രാക്ട് ഉണ്ടോയെന്നതിന് വ്യക്തതയില്ല. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള 11.02.21 ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം എ.സി യുടെ വില 50,416 രൂപയാണ്. അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുന്നു. എന്നാൽ M/S Maxsel Agencies എന്ന സ്ഥാപനമാണ് Supplier എന്ന് പ്രസ്തുത ഇൻവോയിസിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ M/S Maxsel Agencies എന്ന സ്ഥാപനത്തിൽ നിന്നുള്ള 30.03.21 ലെ ടാക്സ് ഇൻവോയിസ് ബിൽ പ്രകാരം എ.സിയുടെ യഥാർത്ഥ വില 47,360 രൂപ മാത്രമാണ്. അതായത് 47,360 രൂപയ്ക്ക് M/S Maxsel Agencies എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ എ.സിയാണ് 50,416 രൂപയ്ക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്. 3056 രൂപ അധികം നൽകി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന തന്നെ എ.സി വാങ്ങിയതിനുള്ള സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/08.04.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എ.സി പോലെയുള്ള ഇലക്ട്രിക് സാധനം വാങ്ങുന്നതിന് റേറ്റ് കോൺട്രാക്ടുള്ള മറ്റ് സ്ഥാപനങ്ങളെ പരിഗണിക്കാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന പർച്ചേസ് ചെയ്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 3056/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി നൽകിയ 15000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പദ്ധതിയുടെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
പദ്ധതി നമ്പർ	89/21
പദ്ധതി അടങ്കൽ	10,00,000 (വികസന ഫണ്ട് എസ്സിപി)
പദ്ധതി ചെലവ്	9,50,000 (വികസന ഫണ്ട് എസ്സിപി)
നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	പഠിക്കുന്ന കോഴ്സ്	അപാകത
1	അഖില ചന്ദ്രൻ.ആർ, 3എ ഹൗസ്	-	പഠിക്കുന്ന കോഴ്സ് ഏതാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പനവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകുല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ല.
2	ചന്ദ്രലേഖ.എസ്.എസ്, കിളിക്കൂട്, വെള്ളരിക്കോണം	MPEd	ആനാട് ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകുല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ല.
3	ഹരിക്കുട്ടി.എസ്.വി, ശ്രീഹരി ഭവൻ	BSc Nursing	ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകുല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ല.

2 വിദ്യാർത്ഥികൾക്ക് ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.5 പ്രകാരം അർഹമായതിൽ നിന്നും അധികമായി അനുവദിച്ച സ്കോളർഷിപ്പ് തുക ആകെ 15000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിശദവിവരം ഖണ്ഡിക 3.1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-14 ആനാട് ചന്ദ്രൻകുഴി പട്ടികജാതി കോളനിയ്ക്ക് അധികതുക നൽകൽ - പ്രോജക്ടിന്റെ അപാകതകൾ

പദ്ധതിയുടെ പേര്	ആനാട് ചന്ദ്രൻകുഴി പട്ടികജാതി കോളനിയ്ക്ക് അധികതുക നൽകൽ
പദ്ധതി നമ്പർ	60/21
പദ്ധതി അടങ്കൽ	99,750 (വികസന ഫണ്ട് എസ്സിപി)
പദ്ധതി ചെലവ്	99,750 (വികസന ഫണ്ട് എസ്സിപി) ബിൽ ന. 2/B/20-21/16.4.2020
നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ

പറയുന്നവയാണ്.

1. ആനാട് ചന്ദ്രൻകുഴി എന്ന സ്ഥലത്തുള്ള വേടർ സമുദായത്തിൽപ്പെട്ട 9 പേർക്ക് വീട്, റോഡ്, സൈഡ് വാൾ എന്നിവ നിർമ്മിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് 10.02.2019 ലെ 1/9005/09 ഉത്തരവ് പ്രകാരം 39 ലക്ഷം രൂപ അനുവദിച്ചിരുന്നതായും എന്നാൽ ടി തുക കൊണ്ട് പ്രവർത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ആവശ്യമായ അധിക തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് 08.07.2010 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 16 പ്രകാരം തീരുമാനിച്ചിരുന്നതായും മേൽ പ്രോജക്ടിന്റെ രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2010ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം വരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ 08.10.2010 ലെ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 10.01.20 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ നം. 3/2 തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2019-20 വർഷം വർഷം ആനാട് ചന്ദ്രൻകുഴി പട്ടികജാതി കോളനിയ്ക്ക് അധികതുക നൽകൽ എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഏത് ഇനത്തിലാണ് തുക വിനിയോഗിക്കുന്നത് എന്ന വിവരം ഉൾപ്പെടുത്തിയിട്ടില്ല. 08.07.10 ലെ തീരുമാനപ്രകാരം പ്രവർത്തി പൂർത്തിയാക്കുന്നതിനാണ് തുക അനുവദിക്കേണ്ടത്. എന്നാൽ പ്രവർത്തി ഏറ്റെടുത്ത കരാറുകാരനായ ശ്രീ.അയൂബ് ഖാന് ടെണ്ടർ എക്സസ് ഇനത്തിൽ നൽകുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നത്. ആകെ ചെലവ് 99750 രൂപ (ബിൽ നം.2/B/20-21, തീയതി 16.04.20). പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് വിനിയോഗിക്കുന്നതിന് സർക്കാരിന്റെ അനുമതിയുണ്ടോയെന്നത് വ്യക്തമല്ല.

3. ടെണ്ടർ എക്സസ് തുക അനുവദിച്ചുകൊണ്ടുള്ള പട്ടികജാതി വികസന ഓഫീസറുടെ 17.03.20 ലെ NBP/SCDO/108/2020 നം. ഉത്തരവ് പ്രകാരം ആകെ ചെലവായ 2797505 രൂപയിൽ നിന്നും 9 വീടുകൾ നിർമ്മിക്കുന്നതിന് ചെലവായ 18 ലക്ഷം രൂപ കിഴിച്ച് ശേഷിക്കുന്ന 997505 രൂപയുടെ 10% ആയ 99750 രൂപയാണ് ടെണ്ടർ എക്സസ് ആയി കണക്കാക്കിയിരിക്കുന്നത്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച ആകെ 39 ലക്ഷം രൂപ പൂർണമായും ചെലവായിട്ടുണ്ടോയെന്ന് വ്യക്തമല്ല. അതിൽ 2797505 രൂപ മാത്രമാണ് ചെലവായിട്ടുള്ളതെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 99750 രൂപ ചെലവഴിച്ചിരിക്കുന്നതിനുള്ള കാരണം വ്യക്തമല്ല.

4. 2010 ൽ ആരംഭിച്ച പ്രവർത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 2015-16 ൽ കരാറുകാരനുമായി പുതുക്കിയ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതു പ്രകാരം എല്ലാ പ്രവർത്തികളും പഴയ നിരക്കിൽ തന്നെ ചെയ്തുകൊള്ളാമെന്ന് ടിയാൾ സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടെണ്ടർ എക്സസ് തുക അനുവദിച്ചതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.36/12.04.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതിയുടെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
പദ്ധതി നമ്പർ	89/21
പദ്ധതി അടങ്കൽ	44,00,000 (വികസന ഫണ്ട് എസ്സിപി)
പദ്ധതി ചെലവ്	37,00,000 (വികസന ഫണ്ട് എസ്സിപി)

നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഫയൽ, പ്രോജക്ട് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പണി പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുൻപായി തന്നെ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് അവസാന ഗഡു തുകയായ 50,000 രൂപ അനുവദിച്ചിരിക്കുന്നു.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ തീയതി	തുക അനുവദിച്ച ബിൽ നം./ തീയതി
1	വൈഷ്ണവി.ബി, കുന്നിൽ വീട്	26.10.21	ട്രഷറി ബിൽ നം.17/SR/20-21, തീ.25.01.21
2	സൂര്യ.എസ്.കെ, സൂര്യ ഭവൻ, അമ്പലകുന്ന്	26.10.21	ട്രഷറി ബിൽ നം.29/PS/20-21, തീ.30.03.21

2. അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	അപാകത
1	സാന്ദ്രാ സതീഷ്.എസ്, കിഴക്കുംകര പുത്തൻവീട്	പഠനമുറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. പണി പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ല.
2	അഭിഷേക് സജീവ്.ഒ, ആനന്ദ് ഭവൻ	പണി പൂർത്തീകരിച്ചതായിട്ടുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. എന്നാൽ രജിസ്റ്റർ പ്രകാരം 2021-22 ൽ തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു.

3. പ്രോജക്ട് രജിസ്റ്റർ, അപേക്ഷകളിലെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടുള്ള ചുവടെ പറയുന്നവർക്ക് അവസാന ഗഡു തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്
1	അമൽരാജ്.എസ്.ആർ, മാതാവീട്
2	ആദിത്യൻ.എസ്.എസ്, ഷീജ ഭവൻ
3	ആദിത്യൻ.ആർ.എസ്, തിരുവാതിര

4. 2020-21 ൽ പഠനമുറിയുടെ പണി ആരംഭിക്കുകയും നാളിതുവരെ പണി പൂർത്തിയാക്കുകയും ചെയ്യാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ
എ) ഷാലിമ.എ.എൽ, പേൾ ഹൗസ്, വികാസ് നഗർ,
ബി) ആകാശ്.എ, ആകാശ് ഭവൻ

മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/11.04.22 ന് വിശദമായ മറുപടി പിന്നീട് നൽകുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുൻപായി ആനുകൂല്യം നൽകിയതിനും മറ്റ് അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ നാളിതുവരെ പഠനമുറിയുടെ പണി പൂർത്തിയാക്കാത്ത വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരവും കൂടി അറിയിക്കേണ്ടതാണ്.

1-16 വികസന ഫണ്ടിൽ നിന്നുള്ള ചെലവ് - സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ശിശുവികസന പദ്ധതി ഓഫീസർ നെടുമങ്ങാട് (അഡീഷണൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19ൽ ആരംഭിച്ച 3 ജി അംഗനവാടി (സാമൂഹ്യ വിഭവകേന്ദ്രം) എന്ന പ്രോജക്ട് 2019-20 ൽ സ്പിൽ ഓവർ (സ്പിൽ ഓവർ പ്രോജക്ട് നം.76/20) ആക്കിയിരുന്നു. അതിന്റെ രൂപീകരണ ഫോറം പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 2018-19 ൽ വകയിരുത്തിയിരുന്ന അടങ്കൽ തുക 10,00,000 രൂപയും 2018-19 വരെയുള്ള ചെലവ് 715621 രൂപയുമാണ്. ബാക്കിയുള്ള 284379 രൂപയുടെ ചെലവിനാണ് പ്രോജക്ട് 2019-20 ൽ സ്പിൽ ഓവർ ആക്കിയിട്ടുള്ളത്. എന്നാൽ സ്പിൽ ഓവർ ആക്കിയിരുന്ന ടി പ്രോജക്ട് 2019-20 ലും പൂർത്തീകരിക്കുകയോ ചെലവ് നടത്തുകയോ ചെയ്തിട്ടില്ല. കുട്ടികളുടെയും മുതിർന്നവരുടെയും വ്യക്തിഗത സാമൂഹിക വികാസവുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസുകൾ നടത്തിയതിന് കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിന് നൽകിയ 85,025 രൂപയുടെ ചെലവാണ് 2020-21 ൽ നടത്തിയിട്ടുള്ളത്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ അത്തരമൊരു ചെലവ് ഉൾപ്പെട്ടിട്ടില്ല. എന്നാൽ ബിൽ ബുക്ക് പ്രകാരം ടി ചെലവ് നടന്നിട്ടുണ്ട് (CB No.2/22.04.20). കൂടാതെ 2020-21 ലെ ബന്ധപ്പെട്ട എസിആർ പരിശോധിച്ചതിൽ നിന്നും പ്രോജക്ട് നം, 42 – 3ജി അംഗനവാടി എന്ന പ്രോജക്ടിന് 85,025 രൂപ അനുവദിച്ചതായി കാണുന്നു. 2019-20 ലെ 76/20 നം. പ്രോജക്ട് 2020-21 ൽ സ്പിൽ ഓവർ ആക്കിയതിന്റെ പ്രോജക്ട് രൂപീകരണ ഫോറം ഹാജരാക്കുന്നതിനും പ്രസ്തുത പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും നടത്തിയ ചെലവ്, സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.35/12.04.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടിൽ നിന്നുള്ള ചെലവ്, സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-17 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 5,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	പകൽവീട് ആനാട് ഗ്രാമപഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ
പദ്ധതി നമ്പർ	44/21
പദ്ധതി അടങ്കൽ	5,00,000 (വികസന ഫണ്ട് എസ്സിപി)
പദ്ധതി ചെലവ്	5,00,000 (വികസന ഫണ്ട് എസ്സിപി)

ബിൽ നം./തീയതി	CB No.1/22.04.20
നിർവഹണ ഉദ്യോഗസ്ഥൻ	ശിശുവികസന പദ്ധതി ഓഫീസർ നെടുമങ്ങാട് (അഡീഷണൽ)

മേൽ പ്രോജക്ടിന്റെ ഭാഗമായി ആനാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പകൽ വീട് നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 500000 രൂപ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നു. എന്നാൽ ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം/പദ്ധതിയുടെ പൂർത്തീകരണ പത്രം എന്നിവ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. തുക അനുവദിച്ച് 2 വർഷത്തിനു ശേഷവും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-18 ഭിന്നശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ അനുവദിച്ചതിലെ അപാകതകൾ

പദ്ധതിയുടെ പേര്	ഭിന്നശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ
പദ്ധതി നമ്പർ	100/21
പദ്ധതി അടങ്കൽ	6,30,000 (വികസന ഫണ്ട് പൊതു വിഭാഗം)
പദ്ധതി ചെലവ്	6,30,000 (വികസന ഫണ്ട് പൊതു വിഭാഗം)
ബിൽ നം./തീയതി	216/27.03.21
നിർവഹണ ഉദ്യോഗസ്ഥൻ	ശിശുവികസന പദ്ധതി ഓഫീസർ (നെടുമങ്ങാട്)

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 5 ഗ്രാമപഞ്ചായത്തുകളിലെ ആകെ 7 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആകെയുള്ള 7 ഗുണഭോക്താക്കളിൽ 4 പേർക്കും അപേക്ഷാ സമയത്ത് ലേണേഴ്സ് ലൈസൻസ് മാത്രമാണ് ഉണ്ടായിരുന്നത്. പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം വാഹനം ലഭിച്ച് 6 മാസത്തിനകം ലൈസൻസ് എടുത്ത് ഹാജരാക്കുന്നതാണെന്ന് സമ്മതിച്ചിരുന്നു. എന്നാൽ 13.08.21 ൽ വാഹനം കൈപ്പറ്റിയിട്ടും ചുവടെ പറയുന്നവർ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പഞ്ചായത്ത്
1	എ.യൂസഫ്, വടക്കുംകര പുത്തൻവീട്	വെമ്പായം

2	മുഹമ്മദ് അസ്‌ലം.എസ്, JA മൻസിൽ	ആനാട്
3	മണികണ്ഠൻ.ബി, വിഷ്ണു ഭവൻ	ആനാട്
4	സഹദ്.എച്ച്, BS മൻസിൽ	പനവൂർ

2. അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പഞ്ചായത്ത്	അപാകത
1	മണികണ്ഠൻ.ബി, വിഷ്ണു ഭവൻ	ആനാട്	ആനുകൂല്യം നൽകുന്നതിനായി ഐസിഡിഎസ് സൂപ്പർവൈസർ അപേക്ഷയിൽ ശുപാർശ ചെയ്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2	ഷൈജു.റ്റി, വരയിടിഞ്ഞ കുഴിയിൽ വീട്	പനവൂർ	ആനുകൂല്യം നൽകുന്നതിനായി ഐസിഡിഎസ് സൂപ്പർ വൈസർ അപേക്ഷയിൽ ശുപാർശ ചെയ്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സൈഡ് വീൽ ഉള്ള മുച്ചക്രവാഹനം ഓടിക്കാൻ കഴിവുണ്ട് എന്നു തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് പൂർണമല്ല. ഇ.എൻ.റ്റി, കണ്ണ്, ഓർത്തോ, സൈക്കാട്രി തുടങ്ങി എല്ലാ വിഭാഗങ്ങളിലെ ഡോക്ടർമാരും പരിശോധന നടത്തിയിട്ടില്ല.
3	സെൽവരാജ്, രാജ് ഭവൻ	കരകുളം	ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ സൈഡ് വീൽ ഉള്ള മുച്ചക്രവാഹനം ഓടിക്കാൻ കഴിവുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇ.എൻ.റ്റി, കണ്ണ്, ഓർത്തോ, സൈക്കാട്രി തുടങ്ങി ഒരു വിഭാഗത്തിലെ ഡോക്ടർമാരും പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

3. പനവൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളായ എ) സഹദ്.എച്ച്, BS മൻസിൽ, ബി) ഷൈജു.റ്റി, വരയിടിഞ്ഞ കുഴിയിൽ വീട് എന്നിവർ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ്/ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.31/12.04.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസിന്റെ പകർപ്പ് ഹാജരാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-19 തേനും കുമിളും പ്രോജക്ട് - ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	ഹായ് തേനും കുമിളും
പദ്ധതി നമ്പർ	43/21
പദ്ധതി അടങ്കൽ	9,87,325 (വികസന ഫണ്ട് പൊതുവിഭാഗം) 4,74,000 (മറ്റുള്ളവ)
പദ്ധതി ചെലവ്	9,87,325 (വികസന ഫണ്ട് പൊതുവിഭാഗം)
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്.

1. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തേനീച്ച കോളനികളും കുമിൾ തടങ്ങളും വിതരണം ചെയ്യുക

2. ഗുണഭോക്താക്കൾ ഉൽപാദിപ്പിക്കുന്ന തേനും കുമിളും ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്ത് അഗ്രിബിസിനസ് ഇങ്കുബേഷൻ സെന്ററർ മുഖാന്തിരം സംസ്കരിച്ച് സമൃദ്ധി എന്ന ബ്രാൻഡിൽ ജൈവഗ്രാമം വഴി വിപണനം ചെയ്യുക - എന്നാൽ ഉൽപ്പന്നങ്ങൾ അപ്രകാരം ശേഖരിക്കുകയോ വിപണനം നടത്തുകയോ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3. രണ്ടാം ഘട്ട പരിശീലനമായി 5 പഞ്ചായത്തുകളിലും ഹോർട്ടികോർപ് സൗജന്യമായി പരിശീലനം നൽകുന്നു - എന്നാൽ പഞ്ചായത്തുകളിൽ ഏതൊക്കെ തീയതികളിൽ പരിശീലനം നടത്തി, പങ്കെടുത്തവരുടെ വിവരങ്ങൾ എന്നിവയടക്കം പരിശീലനം സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2020-21 വർഷത്തെ ആകെ ചെലവ് തുകയിൽ 1,00,000 രൂപ പ്രോജക്ടുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നടത്തിയതിന് ജൈവഗ്രാമത്തിന് നൽകിയിട്ടുള്ളതാണ് (ട്രഷറി ബിൽ നം.19/11.04.20). 2 ദിവസം ട്രെയിനിംഗ് നടത്തിയതിന് 50,000 രൂപയുടെ 2 ബില്ലുകളാണ് ജൈവഗ്രാമം സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 27.01.20 നടത്തിയ ഒരു ദിവസത്തെ ട്രെയിനിംഗിന്റെ രേഖകളും ഫോട്ടോ ഡോക്യുമെന്റേഷനും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ആകെ ചെലവായ 1,00,000/- രൂപയിൽ 50,000/- രൂപയുടെ ചെലവ് രേഖകൾ സമർപ്പിക്കാത്തതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.14/08.04.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് സാഹചര്യത്തിൽ ഉൽപന്നങ്ങൾ ബ്രാൻഡിന്റെ പേരിൽ വിപണനം നടത്താൻ കഴിഞ്ഞില്ലെന്നും എന്നാൽ കർഷകരിൽ നിന്നും നേരിട്ട് വാങ്ങി ജൈവഗ്രാമം വഴി വിതരണം നടത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് തേനീച്ച കോളനികളും കുമിൾ തടങ്ങളും ഫലവൃക്ഷ തൈകളും വിതരണം ചെയ്ത ശേഷം അവ യഥാവിധി പരിപാലിക്കുന്നുണ്ടോയെന്ന് യാതൊരു വിധ മോണിറ്ററിംഗും ചെയ്യാത്തത് ഗുരുതര പിഴവാണ്. അവയുടെ നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-20 ലൈഫ് ഭവന പദ്ധതി - വിനിയോഗസാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല – 6573792/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.	70/21
പ്രോജക്റ്റിന്റെ പേര്	ലൈഫ് പി.എം.എ.വൈ(ജി) ഭവന പദ്ധതി(ജനറൽ)

അടങ്കൽ	6990293/-
ചെലവ്	6573792/-
ബിൽ നം	123/7/1/21- 4000000/- 231/30.3.21 -2025103/- 232/30/3/21- 548689/-
ഫണ്ടിനം	വി.ഫ.ജനറൽ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ ബിൽ നം. 123/7/1/21- പ്രകാരം 4000000/-രൂപ വെമ്പായം ഗ്രാമപഞ്ചായത്തിനും, ബിൽ നം. 231/30.3.21- പ്രകാരം 2025103/- രൂപ പനവൂർ ഗ്രാമപഞ്ചായത്തിനും നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5 ഗുണഭോക്താക്കൾക്കായി 232/30/3/21 ബിൽ പ്രകാരം 548689/- രൂപ നൽകിയതിൽ 4 പേർക്ക് 112000/- രൂപ വീതവും 100689/-രൂപ ഒരാൾക്കും നൽകിയിട്ടുണ്ട്.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പേര്	തുക
കനകമ്മ .എസ്	112000/-
ഉണ്ണികൃഷ്ണൻനായർ .കെ	112000/-
ജയകുമാരി.എൽ	112000/-
വസന്തകുമാരി. വി	112000/-
ജഗദമ്മ. എൽ	100689/-

ഈ ചെലവുകളെ സാധൂകരിക്കുന്നതിന് തുക പാസ്സാക്കിയ ബില്ലിന്റെ പകർപ്പ് മാത്രമാണ് ഉള്ളത്. ഓരോ ഗുണഭോക്താവിനും എത്ര ശതമാനം തുകയാണ് വകയിരുത്തിയിരിക്കുന്നത് എന്നുള്ള വിവരം, അതുമായി ബന്ധപ്പെട്ട രജിസ്റ്റർ , ഗുണഭോക്താക്കൾ തുക വിനിയോഗിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 37ന് മറുപടി ലഭിച്ചില്ല.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 സൗരോർജ്ജ പാനൽ ,സൗരവിളക്ക് എന്നിവ സ്ഥാപിച്ചില്ല – 962500/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.	73/21
പ്രോജക്റ്റിന്റെ പേര്	ബ്ളോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ സൗരോർജ്ജ പാനൽ ,സൗരവിളക്ക് എന്നിവ സ്ഥാപിക്കൽ
അടങ്കൽ	1000000/-

ചെലവ്	962500/-
ബിൽ നം	175/23.02.21
ഫണ്ടിനം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പ്രസ്തുത പദ്ധതിയ്ക്കായി ANERT ന്റെ അക്കൗണ്ടിലേക്ക് 962500/- രൂപ നൽകിയിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് ,എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച്, തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീത്, KSEBയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പണിപൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.37ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 962500/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 ഫർണിച്ചർ ലാപ്പ്ടോപ്പ് എന്നിവ വാങ്ങിയതിലെ അപാകതകൾ -2185245/- രൂപ തടസ്സപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി വിവിധ പദ്ധതികളിലായി അതിജീവനം ഹാൾ, വീഡിയോ കോൺഫറൻസ് ഹാൾ, ഡൈനിംഗ് ഹാൾ എന്നിവടങ്ങളിലേയ്ക്ക് ഫർണിച്ചറും വി.ഇ.ഒമാർക്ക് ലാപ്പ്ടോപ്പും, കിടപ്പ് രോഗികൾക്ക് കട്ടിലും വാങ്ങിയിട്ടുണ്ട്.പ്രസ്തുത വാങ്ങലുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ലഭ്യമാകാത്ത രേഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്റ്റ് നം./ പ്രോജക്റ്റിന്റെ പേര്	ചെലവ് തുക / ബിൽനം./ തീ.	വിതരണക്കാരൻ	വാങ്ങിയ സാധനം	ലഭ്യമാകാത്ത രേഖകൾ
1	67/21 അതിജീവനം ഹാളിൽ ഫർണിച്ചർ വാങ്ങൽ	31/11-4-20 288629/- (Maintenence Fund Nonroad)	ലഭ്യമല്ല	ലഭ്യമല്ല	പ്രസ്തത ബില്ലും അനുബന്ധ രേഖകളും
		83-7/8/20 211371/- Maintenence Fund Nonroad)	ARTCO Ltd (Invoice No.551 Dt.17.03.20)	Two Tier Coat With TW(15 Nos)	സാധനങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്ത തിന്റെയും രേഖകൾ

2	95/21 വീഡിയോ കോൺഫറൻസ് ഹാളിൽ ഫർമിച്ചർ വാങ്ങൽ	156/30.01.21 775515/- (Maintenence Fund Nonroad)	HIVETECH Builders (Invoice No.1 Dt.24.10.20)	Auditorium Chair -73nos Conference Table -1 Nos Conference Chair Revolving With Cushion -10 Nos VIP Chair Foam- 5 Nos Tea Poe – Glass- 1nos Ordinary Table MDF-2 Nos Ordinary Chair-Metal Finishing -10 Nos Podium – Mdf -1	സാധനങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്ത തിന്റെയും രേഖകൾ
3	115/21 വി.ഇ.ഒ മാർക്ക് ലാപ്പ്ടോപ്പ് വാങ്ങൽ	337620/- 109/20.10.20 (തനത് ഫണ്ട്)	KELTRON (Invoice No. ITP/10286/20-21 Dt. 20.02.21)	Laptop -10 Nos	1.സാധനങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്ത തിന്റെയും രേഖകൾ 2.21.04.21 -ലെ 1050/BP2/2020 / NDD നമ്പർ കത്ത് പ്രകാരം Laptop -ൽ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കാൻ KELTRON നോട് ആവശ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തതിന്റെയും Laptop വി.ഇ.ഒ മാർക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.
4	68/21 കിടപ്പ് രോഗികൾക്ക് കട്ടിൽ വാങ്ങൽ	17-11/4/20 224910/-	ലഭ്യമല്ല	ലഭ്യമല്ല	പ്രസ്തത ബില്ലും അനുബന്ധ രേഖകളും
		14/19.01.21 275000/-	SIDCO(Invoice No.SMTVM/20-21/9 Dt 11/7/20	Semi Fowlers Cot	സാധനങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്ത തിന്റെയും വിതരണം

					ചെയ്തതിന്റെയും രേഖകൾ
പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റും ലഭ്യമായില്ല.					
5	116/21 ബ്ളോക്ക് പഞ്ചായത്ത് ഡൈനിംഗ് ഹാളിന് മേശ,കസേര എന്നിവ വാങ്ങൽ	72200/- (തനത് ഫണ്ട്) 112/13.10.20	New Malabar Tent Works(Invoice No.M/21 Dt.9.10.20)	Kitchen Table -20 Nos Plastic Armless Chair -50 N0s Round Table -1 Nos Table Cloth -1 Nos	സാധനങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ

2.തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യുർമെന്റ് പദ്ധതി (പ്രൊക്യുർമെന്റ് പ്ലാൻ) തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യുർമെന്റ് ടീം, പ്രൊക്യുർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ ടീം(വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമിക കാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യുർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യുർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്ക്രൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യുർമെന്റ് കമ്മിറ്റിയാണ്. എന്നാൽ മേൽ പദ്ധതികളിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ, പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്ട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല.

3.പ്രസ്തുത സാധനങ്ങളുടെ ഗുണമേൻമ പരിശോധിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല.

മേൽ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -26 ന് മറുപടി ലഭിച്ചില്ല. രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച2185245/- രൂപ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ഡസ്റ്റ് റിമൂവർ ലഭ്യമായില്ല -242034/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം.	49/21
പ്രോജക്റ്റിന്റെ പേര്	പ്ളാസ്റ്റിക്ക് വിമുക്ത ബ്ളോക്ക് പഞ്ചായത്ത് തുടർ പ്രവർത്തനങ്ങൾ
അടങ്കൽ തുക	242034/-(വി.ഫ.ജനറൽ)
ചെലവ് തുക	242034/-(വി.ഫ.ജനറൽ)
ബിൽ നം./തീ.	12/11.04.20
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ബ്ളോക്ക് റിസോഴ്സ് റിക്കവറി ഫെലിസിറ്റി സെന്ററിന്റെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് ഡസ്റ്റ് റിമൂവർ ലഭ്യമാക്കുന്നതിന് ക്ളിൻ കേരള കമ്പനി ലിമിറ്റഡിന് 242034/-രൂപ നൽകിയിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ BP5/1530/2019/NDD Dt..14.09.21 പ്രകാരം ഡസ്റ്റ് റിമൂവർ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ക്ളിൻ കേരള കമ്പനി ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ലഭ്യമായില്ല. പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.26 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 242034/- രൂപ തടസ്സപ്പെടുത്തുന്നു.മേൽ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-24 ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ സ്ഥാപനത്തെ തെരഞ്ഞെടുത്തു

പ്രോജക്റ്റ് നം.	105/21
പ്രോജക്റ്റിന്റെ പേര്	ബ്ളോക്ക് പഞ്ചായത്ത് 2016-19 പദ്ധതിപ്രവർത്തനങ്ങൾ റിപ്പോർട്ട് പ്രസിദ്ധീകരിക്കൽ
അടങ്കൽ തുക	250000/-(തനത് ഫണ്ട്)
ചെലവ് തുക	250000/-(തനത് ഫണ്ട്)

ബിൽ നം./തീ.	108/15.10.20(RTGS മുഖേന)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രവർത്തന റിപ്പോർട്ട് പ്രന്റിംഗ് പൂർത്തിയാക്കി 10000 കോപ്പികൾ വിതരണം ചെയ്ത വകയിൽ കണ്ണൻ ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 250000/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.സർക്കാർ ഉത്തരവു നം ജി.ഓ.(പി)3/2013/ എസ്.പി.ഡി തീ.21.6.2013 ഖ7.7പ്രകാരം 100000രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങളോ സേവനങ്ങളോ വാങ്ങുമ്പോൾ ടെൻഡർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തിയ്കായി സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം -26 ന് മറുപടി ലഭിച്ചില്ല.മേൽ ഉത്തരവു പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 ഡെപ്പോസിറ്റ് വർക്കുകൾ നടത്തിപ്പിൽ അപാകത - 3059600/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.	51/21
പ്രോജക്റ്റിന്റെ പേര്	അരുവിക്കര ഗ്രാമപഞ്ചായത്ത് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി
അടങ്കൽ തുക	269600/-
ചെലവ് തുക	269600/-
ബിൽ നം./തീ.	1/20-21 Dt.23.04.20 122800/-(വി.ഫ.SCP) 18/20-21 Dt. 23.04.20 146800/-(വി.ഫ.ജനറൽ)

പ്രോജക്റ്റ് നം.	16/21
പ്രോജക്റ്റിന്റെ പേര്	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
അടങ്കൽ തുക	2910000/-(Finance Commission Grant)
ചെലവ് തുക	2790000/-(Finance Commission Grant)
ബിൽ നം./തീ.	22-6/10/20 1262000/- 44-27/3/21 773000/- 39-26/2/21 455000/- 43-22/3/21 300000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ തിയതി 29-1-2018 ലെ ഖണ്ഡിക11.2(ഡി) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം എജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് KWA യുമായി

കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം, പ്രവർത്തിപൂർത്തീകരണ സാക്ഷ്യപത്രം എന്നവ പരിശോധനയ്ക്ക് ലഭ്യമായില്ല.

സ.ഉ(സാധാ) നം. 1817/2020/ ത.സ്വ.ഭ.വ തീയതി 4.10.2020 നം. ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് പുതുതായി ഏൽപിക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ്ജ് മാത്രമാണ് അനുവദനീയം. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളിൽ 10% സെന്റേജ് ചാർജ്ജ് ഈടാക്കിയതായി കാണുന്നു.

ക്രമ നം.	പേര്	പഞ്ചായത്തിന്റെ പേര്	പ്രവർത്തിയുടെ ആകെ തുക	സെന്റേജ് ചാർജ്ജിനത്തിൽ ഈടാക്കിയ തുക(10%)
16/21				
1	Konganamkode - Urulikunnu - Moonenkkuzhy ;Paluvally Vazhode Kunnipuram Vipparthala-Mozhlikkod Road Devinagar-Aluvila Konchira - Venkitta Road	Panavoor Vembayam	986360.43	98636.04
2	Nedumangadu - RWSS To Karakulaam Christnagar-Poikavila Line	Karakulam	47231.03	4723.10
3	Iriyanadu Kendarakkuzhi Road	Anad	372308.26	37230.83
4	Alumukku; Irumba Road	Aruvikkara	246855.53	24685.55
5	Andoor Therakkode, Nettara Lane ,Nellivila - Pinnoor Road	Aruvikkara	385646.26	38564.63
6	Prasanthnagar – Kaliyonam Road Jubilee Nagar – Panniyode Road	Vembayam	244099.65	24409.97

51/20				
1.	Kanikkapetti-Kaliyamoozhiroad Velloorkonam-Cchirathalaikkal Road	Aruvikkara	220923.72	22092.37

ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകൗയറി നം -26) മറുപടി ലഭിച്ചില്ല. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് സെന്റേജ് ചാർജ്ജിനത്തിൽ അധികമായി ഈടാക്കിയ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 3059600/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 6139359/- രൂപ തടസ്സപ്പെടുത്തുന്നു.

2020-21വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽതാഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ക്രമ നം.	പ്രോജക്റ്റ് നം. & പേര്	ബിൽ നം. / തീ& തുക	ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം	ലഭ്യമാക്കേണ്ട രേഖകൾ
1	പ്രോ.നം. 61/2021 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ	3/20-21 തീ.27.04.20 -500000/- രൂപ (വി.ഫ.ജനറൽ)	കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (A/C No.701011400000134 എസ്.ബി.ഐ)	പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.
2.	പ്രോ.നം. 66/21 സമഗ്ര കോളനി നവീകരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ)	59/20-21 തീ.2.06.20 -160000/- രൂപ (വി.ഫ. (ജനറൽ))	അരുവിക്കര ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
		60/20-21 തീ.2.06.20 -200000/- രൂപ (വി.ഫ. (ജനറൽ))	പനവൂർ ഗ്രാമപഞ്ചായത്ത്	

		66/20-21 തീ.26.03.21 -360000/- രൂപ (വി.ഫ. (ജനറൽ))	പനവൂർ ഗ്രാമപഞ്ചായത്ത്	
3.	പ്രോ.നം. 107/2021 ന്യൂ ലൈഫ് - സമഗ്ര കോളനി നവീകരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (SCP)	48/21 തീ.25.05.20 -90000/- രൂപ (വി.ഫ.(SCP))	വെമ്പായം ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
4.	പ്രോ.നം. 7/2021 സാന്ത്വന പരിചരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	50/21 തീ.25.05.20 -100000/- രൂപ (വി.ഫ.General)	അരുവിക്കര ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
		141/21 തീ.20.01.21 -300000/- രൂപ (വി.ഫ.General)	പനവൂർ ഗ്രാമപഞ്ചായത്ത്	
5.	പ്രോ.നം. 80/2021 തീരുവനന്തപുരം മെഡിക്കൽ കോളേജിന് ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ	103/20-21 തീ. 3.10.20 -500000/- രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	സുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ (ട്രഷറി A/C No.799011400006581)	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
6.	പ്രോ.നം. 20/2021 കിണർ റീചാർജ്ജിംഗ് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	192/21 തീ. 16.03.21 -14400/- രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	വെമ്പായം ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
7.	പ്രോ.നം. 2/2021 ഐ.കെ.എം വിഹിതം നൽകൽ	37/20-21 തീ.18.05.20 -55906/- രൂപ (വി.ഫ.General)	ഐ.കെ.എം (A/C No.57047023512)	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
8.	പ്രോ.നം. 108/2021 കട്ടിൽ വാങ്ങൽ പനവൂർ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ	58/20-21 തീ.02.06.20 -398750/- രൂപ (വി.ഫ.General)	പനവൂർ ഗ്രാമ പഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
9.	പ്രോ.നം. 102/2021 ന്യൂ ലൈഫ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(എസ്.സി.പി)	139/18.01.21 -240000/- (വി.ഫ.Scp)	ആനാട് ഗ്രാമ പഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം,213/26.03.21 നമ്പർ ബിൽ എന്നിവ ലഭ്യമാക്കേണ്ടതാണ്.
		213/26.03.21 -30000/-(വി.ഫ.Scp)	ബിൽ പരിശോധനയ്ക്ക് ലഭ്യമായില്ല	
10.	പ്രോ.നം. 101/2021	138/18.01.21	വെമ്പായം	കൈപ്പറ്റ് രസീത്,

		-480000/- (വി.ഫ.General)	ഗ്രാമപഞ്ചായത്ത്	
	ലൈഫ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(ജനറൽ)	162/11.02.21 -450000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	ആനാട് ഗ്രാമ പഞ്ചായത്ത്	വിനിയോഗ സാക്ഷ്യപത്രം, 70000/- രൂപ ചെലവഴിച്ചതിന്റെ ബിൽ എന്നിവ ലഭ്യമാക്കേണ്ടതാണ്.
		70000/-(തനത് ഫണ്ട്)	ബിൽ പരിശോധനയ്ക്ക് ലഭ്യമായില്ല	
11.	പ്രോ.നം. 62/2021 കിള കൊട്ടാരക്കര സി.എച്ച്.ആർ.സി യിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ	161/8.02.21 -300000/- (തനത്ഫണ്ട്)	കിള ഡയറക്ടർക്ക് RTGS മുഖേന നൽകിയിട്ടുണ്ട്. (A/C No.67221319393 -SBI)	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
12	പ്രോ.നം. 19/2021 പനവൂർ ഗ്രാമപഞ്ചായത്ത് - പാണയം എസ്.റ്റി സാംസ്കാരിക കേന്ദ്രം വിഹിതം നൽകൽ	123/21 തീ.7.01.21 -307495/- രൂപ (വി.ഫ.TSP)	പനവൂർ ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
13	പ്രോ.നം. 103/2021 അഗതി രഹിത കേരളം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	136/16.01.21 300000/- (വി.ഫ.General)	പനവൂർ ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
		212/26.03.21 200000/- (വി.ഫ.General)		
14	പ്രോ.നം. 136/2021 ടേക്ക് എ .ബ്രേക്ക് - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	207/24.03.21 710000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	പനവൂർ ഗ്രാമപഞ്ചായത്ത്	കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
		229/29.03.21 372808/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)	വെമ്പായം ഗ്രാമപഞ്ചായത്ത്	
	ആകെ	**6139359/-**		

പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -11 ന് മറുപടി ലഭിച്ചില്ല. രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 6139359/- രൂപ തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 ജനകീയ ഹോട്ടൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ - 20000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	82/21
പ്രോജക്ടിന്റെ പേര്	വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ- റിവോൾവിംഗ് ഫണ്ട്
അടങ്കൽ തുക	120000/-(വി.ഫ.ജനറൽ)
ചെലവ് തുക	20000/-(വി.ഫ.ജനറൽ)
ബിൽ നം./തീ.	40/18.05.20

പ്രസ്തുത പദ്ധതി പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.5.20ലെ എ2/38/20-21നമ്പർ കത്ത് പ്രകാരം തനിമ കുടുംബശ്രീ സംരംഭക ഗ്രൂപ്പിന് റിവോൾവിംഗ് ഫണ്ടിനത്തിൽ 20000/-രൂപ അരുവിക്കര ഗ്രാമപഞ്ചായത്തിന് JV TSB(A/C.Nx. 799011400002294) അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.(17.04.20-ലെ 3(2) നമ്പർ തീരുമാനപ്രകാരം തനിമ ഗ്രൂപ്പിനെ അംഗീകരിച്ചിട്ടുണ്ട്.)

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.തനിമ കുടുംബശ്രീ സംരംഭക ഗ്രൂപ്പ് വാങ്ങിയ മുദ്രപത്രം ഫയലിൽ ലഭ്യമാണെങ്കിലും ആയതിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ശൂന്യമായ മുദ്രപത്രത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സംഘം സെക്രട്ടറി ,സംഘം പ്രസിഡന്റ് എന്നിവരുടെ ഒപ്പു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2.6ജനകീയ ഹോട്ടലുകൾ കുടുംബശ്രീ യൂണിറ്റ് മുഖേനയുള്ള നടത്തുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 120000/- വകയിരുത്തിയെങ്കിലും ഒരു ഗ്രൂപ്പിനു മാത്രമാണ് ആനുകൂല്യം നൽകിയത്.

3.റിവോൾവിംഗ് ഫണ്ട് തനിമ ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാതെ അരുവിക്കര

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയത് .ആയത് തനിമ കുടുംബശ്രീ സംരംഭക ഗ്രൂപ്പിന് ലഭ്യമായതിന്റെ രേഖകൾ ഇല്ല.

4.തനിമ കുടുംബശ്രീ സംരംഭക ഗ്രൂപ്പ് ഫണ്ട് തിരിച്ചടവിന്റേയും ,തിരിച്ചടക്കുന്നതിന് വേണ്ടി തുടങ്ങിയ റിവോൾവിംഗ് ഫണ്ട് റീകൂപ്പ്മെന്റ് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

5.റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

6.ഹോട്ടലുകളുടെ തുടർ പ്രവർത്തനം, വരവ് ചെലവുകളുടെ കണക്ക്, മിനുട്ടസ് ബുക്ക് എന്നിവ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

7.പ്രസ്തുത ഗ്രൂപ്പിന്റെ അഫിലിയേഷൻ, അംഗങ്ങളുടെ എണ്ണം, പേര് വിവരങ്ങൾ, ഗ്രൂപ്പി ന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്ക് പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ ലഭ്യമാക്കുന്നതിനും അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻകയറി നം -17ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 20000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല -1497000/-രൂപ തടസ്സപ്പെടുത്തുന്നു.

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി 20-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

116/21	പദ്ധതി ഡോക്കുമെന്റേഷൻ	അടങ്കൽതുക – 100000/-(തനത് ഫണ്ട്)	ചെലവ് തുക-97000/- (തനത് ഫണ്ട്)	ബിൽ നം./ തീ.-66/30.06.20
106/21	പൊതു ശ്മശാനം വെമ്പായം പഞ്ചായതതിന് വിഹിതം നൽകൻ	അടങ്കൽതുക -3207966/- (വി.ഫ.ജനറൽ)	ചെലവ് തുക-1400000/- (വി.ഫ.ജനറൽ)	ബിൽ നം./ തീ.-85/30.06.20

ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം -17ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 1497000/-രൂപ തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 ബ്ളോക്ക് തല ടീം രൂപീകരിച്ചതിന്റെ രേഖകൾ ഇല്ല

പ്രോജക്റ്റ് നം.	47/21
പ്രോജക്റ്റിന്റെ പേര്	യുവജന ക്ലബ് എകോപന സമിതി - ബ്ളോക്ക് തല ടീം രൂപീകരണം
അടങ്കൽ തുക	110991/-(വി.ഫ.ജനറൽ)
ചെലവ് തുക	110991/-(വി.ഫ.ജനറൽ)
ബിൽ നം./തീ.	15/11.04.20

കായിക മേളയുടെ നടത്തിപ്പിനായി നെടുമങ്ങാട് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ

ഗ്രാമീൺ ബാങ്ക് നെടുമങ്ങാട് ശാഖയിലെ മിസലേനിയസ് അക്കൗണ്ടിൽ (40326100102259) നിന്നും 50000/- രൂപ മുൻകൂറായി പിൻവലിച്ചത് തിരികെ ഒടുക്കുന്നതിനും കായികമേളയുടെ നടത്തിപ്പിനായി ശ്രീ.എസ് സുചിത്രൻ ,ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ അധികമായി ചെലവഴിച്ച 60991/-രൂപ നൽകുന്നതിനുമായിട്ടാണ് ബിൽ പ്രകാരമുള്ള തുക ചെലവഴിച്ചത്.കായിക മേളയുടെ നടത്തിപ്പിനായി 110991/- രൂപ ചെലവഴിച്ചതിന്റെ വൗച്ചർ ലഭ്യമാണ്. സ.ഉ(കൈ)നം. 11/2018/ത,സ്വ.ഭ.വ തീ.29.1.18 -ലെ 7.6.3 ഖണ്ഡിക പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്,കബഡി എന്നീ ഗെയിമുകളുമായി ബന്ധപ്പെട്ട ടീമുകളുടെ ലിസ്റ്റ് ബ്ളോക്ക് പഞ്ചായത്തിന് നൽകേണ്ടതും പ്രസ്തുത ടീമുകളിൽ നിന്ന ബ്ളോക്ക് തല ടീം രൂപീകരിക്കേണ്ടതുമാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമായ ഫയലിൽ കായിക ഉപകരണങ്ങൾ , യൂണിഫാം , ട്രോഫി എന്നിവ വാങ്ങിയതിന്റെയും, റിഫ്രെഷ്മെന്റിനും ഗെയിമുകളുടെ ജഡ്ജ് മാർക്ക് റഫറീ ഫീ നൽകിയതിന്റെയും വൗച്ചറുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബ്ളോക്ക് തല ടീം രൂപീകരിക്കുന്നതിനായിട്ട് സെലക്ഷൻ കമ്മറ്റി രൂപീകരിച്ചതിന്റെയും, സെലക്ഷൻ ട്രയൽസ്, ചാമ്പ്യൻഷിപ്പ് ,ഒരു മാസത്തെ പരിശീലനം എന്നിവ നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം -17ന് മറുപടി ലഭിച്ചില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-30 പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപേ പ്രവൃത്തി റിവൈസ് ചെയ്തു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/Pwd/Dtd 01.02.2012സെക്ഷൻ 1601-1-4പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി ചില മാറ്റങ്ങൾ അനിവാര്യമായ സംഗതിയിൽ ടി മാറ്റങ്ങൾ ഉൾക്കൊള്ളിച്ച പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും മുൻ എസ്റ്റിമേറ്റ് ക്യാൻസൽ ചെയ്യണമെന്നും പുതുതായി ടി.എസ് വാങ്ങണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തിയിൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു പകരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

	പദ്ധതിയുടെ പേര്, നം.	പദ്ധതി ആരംഭിച്ച തീയതി	പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം
1.	127/21. സമൃദ്ധി ആട് പ്രജനന യൂണിറ്റ് വൈദ്യുതീകരണം	01.02.2021	27.10.2020 തീരുമാനം 3(2)

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം. 19 ന് ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കഴിഞ്ഞ് എഗ്രിമെന്റ് വച്ചതിനുശേഷമാണ് എസ്റ്റിമേറ്റ് റിവിഷൻ ആവശ്യമായി വന്നതെന്നും അതിനാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയുന്നതല്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി മാറ്റങ്ങൾ ആവശ്യമുള്ള പക്ഷം റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കാനാണ് നിർദ്ദേശമുള്ളത്. മേൽ പ്രവൃത്തിയിൽ പദ്ധതി ആരംഭിച്ചിരിക്കുന്നത് ഫെബ്രുവരി 2021ൽ മാത്രമാണ്. എന്നാൽ പദ്ധതി റിവൈസ് ചെയ്യാൻ ഭരണസമിതി തീരുമാനിച്ചിരിക്കുന്നത് ഒക്ടോബർ 2020ൽ മാത്രമാണ്. മേൽ സാഹചര്യത്തിൽ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതികൾ റിവൈസ് ചെയ്യുന്ന സാഹചര്യത്തിൽ പൊതുമരാമത്ത് ചട്ടങ്ങൾ കർശനമായി പാലിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതാണ്.

1-31 അറുമ്പൻ കോട്ടുകോണം-മുള്ളിലവിൻമൂട് റോഡ് അരുവിക്കര ഗ്രാമപഞ്ചായത്ത് -;ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ	SO30/21
പേര്	അറുമ്പൻ കോട്ടുകോണം-മുള്ളിലവിൻമൂട് റോഡ് അരുവിക്കര

	ഗ്രാമപഞ്ചായത്ത്
അടങ്കൽ	വികസനഫണ്ട് 500000 തനത് ഫണ്ട് 100000
ചെലവ്	ബിൽ നം. 29/29.5.2020- 500000
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അരുവിക്കര ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന അറുമ്പാൻ കോട്ടു കോണം മുള്ളിലവിൻ മൂട് റോഡ് പ്രവർത്തിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണിത്. 12.06.2020ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്തിൽ പ്രസ്തുത പ്രവർത്തിക്കായി ആകെ 495919 *-രൂപ മാത്രമേ ചെലവായിട്ടുള്ളുവെന്ന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 19.10.2020ൽ അരുവിക്കര ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം ആകെ ചെലവ് 495919/-* രൂപ മാത്രമാണ്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സംയുക്ത പ്രോജക്ടായിരുന്ന പ്രസ്തുത പദ്ധതിയിൽ അരുവിക്കര ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിരുന്നുവോയെന്നും ആകെ അടങ്കൽ തുകയുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

2. സംയുക്ത പ്രോജക്ടായിരുന്ന പ്രസ്തുത പദ്ധതിയിൽ ആകെ ചെലവ് 495919/- രൂപ മാത്രമാണെന്ന് അരുവിക്കരഗ്രാമപഞ്ചായത്തിന്റെ വിനിയോഗസാക്ഷ്യപത്രം പ്രകാരം വ്യക്തമാണ്. ഇതിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രം വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുകയായിരുന്നുവെന്ന് വ്യക്തമാകുന്നു. ഇത് പദ്ധതിമാർഗ്ഗരേഖ ഖണ്ഡിക 3.5.4 ന് വിരുദ്ധമാണ്.

3. ആകെ 495919/- രൂപ മാത്രം ചെലവ് വന്ന പദ്ധതിയ്ക്ക് (അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ വിനിയോഗസാക്ഷ്യപത്രം പ്രകാരം) 500000/- രൂപ പിൻവലിച്ച് നൽകിയതിന്റെ കാരണം വ്യക്തമല്ല

4. തിരികെ ലഭിക്കാനവശേഷിക്കുന്ന 4081/- രൂപ തിരികെ ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 20 ന് 2020-21 ആദ്യപാദത്തിൽ സംയുക്ത പ്രോജക്ടുകളുടെ തുക മുഴുവനായും ഡെപ്പോസിറ്റ് ചെയ്യുന്നതിന് സാംഖ്യ വഴി സാധിക്കുമായിരുന്നുവെന്നും അതിനാലാണ് തുക മുഴുവനും നൽകിയതെന്നും എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ബിൽ തുക കുറവായതു കൊണ്ടാണ് ബാലൻസ് വന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തിരികെ ലഭിക്കാനവശേഷിക്കുന്ന 4081/- രൂപ തിരികെ ലഭ്യമാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ കർശനമായി പാലിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതാണ്.

1-32 പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാനുവൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെ അഭാവത്താൽ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിരവധി എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	മാറ്റം വരുത്തുന്നതിന് രേഖപ്പെടുത്തിയിരിക്കുന്ന കാരണം
1	127	സമൃദ്ധി ആട് പ്രജനന യൂണിറ്റ് വൈദ്യുതീകരണം	മ്യൂസിക് സിസ്റ്റം കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതിനാൽ

2	72	ബി.ആർ.സി വിപണനകേന്ദ്രം-കരകുളം	എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിനേക്കാൾ നീളത്തിൽ നിർമ്മാണം നടത്തേണ്ടതിനാൽ
3	55	സമൃദ്ധി ആട് പ്രജനന യൂണിറ്റ് അടിസ്ഥാനസൌകര്യം ഒരുക്കൽ-ബ്ലോക്ക് ഓഫീസിനു സമീപം	നിർമ്മാണ പ്രവർത്തനങ്ങളിൽ ആടുകളെ നിർത്തുന്നതിനുള്ള പ്രതലം കൂടുതൽ ഈടുറ്റതാക്കാൻ ഫൈബർ കോട്ടട് ഗ്രിൽ നിർമ്മിക്കേണ്ടതുള്ളതിനാലും കെട്ടിടത്തിന് ചില വ്യതിയാനങ്ങള് വരുത്തേണ്ടതുള്ളതിനാലും
4	64	ഐ.സി.ഡി.എസ് ഓഫീസ് അറ്റകുറ്റപ്പണികൾ ബ്ലോക്ക് ഓഫീസിനു സമീപം	നിർമ്മാണ വേളയിൽ അധികപ്രവൃത്തികൾ ചെയ്യേണ്ടി വന്നതിനാൽ
5	36	ആനാട് ആയുർവേദ ആശുപത്രി കോമ്പൌണ്ട് റോഡ്	ടാറിംഗ് ചെയ്യേണ്ടിയിരുന്ന ആശുപത്രി അങ്കണത്തിന്റെ കുറച്ചു ഭാഗം ആശുപത്രി അധികൃതർ തന്നെ ഇന്റർലോക്ക് ടൈൽ പാകിയിരുന്നതിനാൽ ടാറിംഗിന്റെ ഏരിയയിൽ വ്യത്യാസം വരുത്തേണ്ടതുണ്ടെന്നും എസ്റ്റിമേറ്റ് അനുബന്ധം ബിയിൽ ഗേറ്റ് സ്ഥാപിക്കുന്ന രീതിയിൽ വ്യത്യാസം വന്നിട്ടുണ്ടെന്നും ആശുപത്രിയുടെ ചുറ്റുമതിൽ പൊളിഞ്ഞു പോയ ഭാഗത്ത് പുതുക്കി പണിയേണ്ടതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 18 ന് വിശദമായ സൈറ്റ് പരിശോധന നടത്തിയാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും എന്നാൽ പ്രവൃത്തി നടപ്പാക്കുന്ന സമയത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ഉന്നയിക്കാതിരുന്നതും രേഖപ്പെടുത്താതിരുന്നതുമായ പല നിർദ്ദേശങ്ങളും ഉയർന്നുവരാറുണ്ടെന്നും അതിനാലാണ് എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടി വരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പൊതുമരാമത്ത് മാനവൽ അനുശാസിക്കും പ്രകാരം പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-33 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ -പൊതുമരാമത്ത് ചട്ടം പാലിക്കുന്നില്ല

പ്രോജക്ട് നമ്പർ	SO65/21
പേര്	ഹോമിയോ ആശുപത്രി ലാബ് സംവിധാനം ഒരുക്കൽ-കരകുളം ഗ്രാമപഞ്ചായത്ത്
അടങ്കൽ	മെയിന്റനൻസ് ഫണ്ട് (റോഡിതരം)300000
ചെലവ്	ബിൽ നം. 47/30.01.2021- 286871/-

എം.ബുക്ക് നം.	43/2020-21 39/2020-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്നു നിഷ്ക്കർഷിക്കുന്നു. മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തിയിൽ ഇലക്ട്രിക്കൽ വർക്ക് കൂടി ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തിയുടെ കരാറുകാരനായ ബിനുരാജ്.എൻ.ഐ (രജി. നം. 9/EE/BLDGS/19-20) സിവിൽ വർക്ക് ചെയ്യുന്നതിന് ലൈസൻസ് മാത്രമാണ് ഉള്ളത്.

2. ഈ പ്രവൃത്തിയുടെ അന്തിമ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിലും ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ട 3% തുക(1792/-), ചെക്ക് മെഷറിംഗ് ചാർജ്ജിനത്തിൽകെ.എസ്.ഇ.ബി. അസി.എഞ്ചിനീയർക്ക് നൽകേണ്ട 1% (597/-)എന്നിവ കൂടെ കരാറുകാരന് നൽകിയതായി ബോധ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. അസി.എഞ്ചിനീയർ എന്നിവരുടെ കൈപ്പറ്റ് രസീതാണ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് നം. 134(വീഡിയോകോൺഫറൻസ് ഹാളിൽ പ്രോജക്ടുകൾ സ്ഥാപിക്കൽ), പ്രോജക്ട് നം. 144(മരുതൂർ കമ്മ്യൂണിറ്റി ഹാൾ ഒന്നാംനില വൈദ്യുതീകരണം) എന്നീ പദ്ധതികളിലും ഇതേ അപാകത നിലനിൽക്കുന്നു. മേൽ തുകകൾ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകാതെ കരാറുകാരന് നൽകിയതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം. 16 ന് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ചു കൈമാറ്റം ചെയ്യേണ്ടതിനാലും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് നാമമാത്ര തുക വകയിരുത്തിയിരുന്നതിനാലും കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാപഞ്ചായത്ത് ഇലക്ടിക്കൽ വിംഗിലെ അക്രഡിറ്റഡ്എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ലൈസൻസുള്ള കരാറുകാരനെ കൊണ്ട് പ്രവൃത്തിയുടെ കരാറുകാരൻ ഇലക്ടിക്കൽ പ്രവൃത്തി ചെയ്യിക്കുകയാണുണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായാണ് പൊതുമരാമത്ത് ചട്ടത്തിൽ

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർ വേണമെന്നു നിഷ്ക്കർഷിച്ചിരിക്കുന്നത്. മേൽസാഹചര്യത്തിൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് ചട്ടം പാലിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതാണ്.

1-34 ടെണ്ടർ രജിസ്റ്റർ പരിപാലനം-അപാകതകൾ

1. കേരള പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 10-7 പ്രകാരം ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം കൈപ്പടയിൽ ടെണ്ടറിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. മേൽ ചട്ട പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തണം. എന്നാൽ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നം. 122

ബി) പ്രോജക്ട് നം. 132

സി) പ്രോജക്ട് നം. 134

2. മേൽ ചട്ടം പ്രകാരം ലഭ്യമായ എല്ലാ ടെണ്ടറുകളും നിശ്ചിതമാതൃകയിൽ തയ്യാറാക്കിയ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തണം. എല്ലാ പദ്ധതികളുടേയും ടെണ്ടർ വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

എ) പ്രോജക്ട് നം. 91, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2019-20 നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ എ.ഡി.എ ഓഫീസ് നിർമ്മാണം

ബി) പ്രോജക്ട് നം. 92, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2019-20 , മരുതൂർ ഹരിജൻ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

സി) പ്രോജക്ട് നം. 93, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ക്യാമ്പസിൽ വീഡിയോകോൺഫറൻസ് ഹാൾ നിർമ്മാണം

ഡി) പ്രോജക്ട് നം. 135, അതിജീവനം ഹാളിൽ ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 22 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ നടപ്പിലാക്കുന്ന ഭൂരിഭാഗം പദ്ധതികളും ഇ-ടെണ്ടർ മുഖേനയാണെന്നും ആയതിനാൽ ഹാർഡ്കോപ്പി ഓപ്പൺ ചെയ്യുന്ന സമയത്ത് കരാറുകാർ ആരും തന്നെ ഹാജരാകാറില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ ചില ഇ-ടെണ്ടറുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്താതെ പോയത് ക്ലറിക്കൽ മിസ്റ്റേക്കാണെന്നാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.

ഇ-ടെണ്ടറുകൾ മാത്രമല്ല മാനുവലായി നടത്തിയിട്ടുള്ള ടെണ്ടറുകളും ടെണ്ടർ രജിസ്റ്ററിൽ ഉൾപ്പെടാതെ പോയിട്ടുണ്ട്. ടെണ്ടറുകളുടെ സുതാര്യത ഉറപ്പാക്കുന്നതിന് പൊതുമരാമത്ത് ചട്ടം അനുശാസിക്കും പ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-35 തനതുഫണ്ട് ചെലവുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകൾ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

എ)

പ്രോജക്ട് നമ്പർ	SO59/21
പേര്	നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2019-20 ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ വിവിധ കെട്ടിടങ്ങളുടെ അനുബന്ധ പ്രവൃത്തികൾ പൂർത്തീകരണം
അടങ്കൽ	വികസന ഫണ്ട് 331025 തനത് ഫണ്ട് 18975
ചെലവ്	ബിൽ നം. 1/21.4.2020- 331025 ചെക്ക് നം. 1681517/28.2.2020-18960
എം.ബുക്ക് നം.	268/17.12.2019
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വികസനഫണ്ടിൽ നിന്നും തനതുഫണ്ടിൽ നിന്നുമായി ആകെ 349985/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തനതുഫണ്ടിൽ നിന്നുള്ള ചെലവായ 18960 രൂപ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

ബി)

പ്രോജക്ട് നമ്പർ	SO40/21
പേര്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് വാഹനസൌകര്യം ഒരുക്കൽ
അടങ്കൽ	തനത് ഫണ്ട് 360000
ചെലവ്	ചെക്ക് നം. 2150220/17.7.2020-18893 2150230/17.8.2020-26990 2150253/15.9.2020-26990 2150265/30.9.2020-26990 2150268/5.10.2020-26990 1691606/17.11.2020-26990 1691610/15.12.2020-26990 1691612/15.1.2021-26990 1691614/തീയതി ഇല്ല-26990 1691621/29.3.2021- 26990 ആകെ 261803
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 234813. വ്യത്യാസം 26990/-

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി നം. 25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-36 സമൃദ്ധി ആട് പ്രജനന യൂണിറ്റ് - ഫ്ലോറിംഗ്-അപാകതകൾ

പ്രോജക്ട് നമ്പർ	SO128/21
പേര്	സമൃദ്ധി ആട് പ്രജനന യൂണിറ്റ്-ഫ്ലോറിംഗ്
അടങ്കൽ	ധനകാര്യകമ്മീഷൻ ഗ്രാന്റ് 325000
ചെലവ്	ബിൽ നം. 44/29.9.2020-324899
എം.ബുക്ക് നം.	33/20-21

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സമൃദ്ധി ആട് പ്രജനന യൂണിറ്റിന്റെ ഫ്ലോറിംഗിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ Observed Data ആയ Providing And Laying PP Slats/Weaner Slat Manufactured By 100% Virgin Material Of Pp For Increased Strength And Durability , With Interlock And Unique Seamless Joining System For Easy To Lean Unique Design With Additional Rib For Increased Strength And Durability, Easy Manure Dropping Can Reduece The Disease, Easy To Handling And Install , Non Slip, Strong And Long Durability Imported Forth. Rotecna, Spain. Suitable For Upto 110kgs Live Sheep& Goats With FRP Runner 75mm Height Bottom -40mm& Amp :Top 6mm, Weight1 Kg/M. Load Bearing Capacity- 600 Kg/M ന് Sqm ന് 3385.72 രൂപ നിരക്കിൽ 85.680sqm ന് 324899.11(290088.49+ 34810.62GST)എസ്റ്റിമേറ്റ് നിശ്ചയിക്കുകയും കരാറുകാരനായ സുരേഷ്. എസ് 0.1% കുറവിൽ പ്രസ്തുത പദ്ധതി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 25.5.2020ലെ 1(1) ഭരണസമിതി തീരുമാനപ്രകാരം കോവിഡ് -19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇറക്കുമതി പ്രായോഗികമല്ലാത്തതിനാൽ ഫ്ലോർ നിർമ്മിക്കുന്നതിനാവശ്യമായ ഉപഘടകമായ ഫൈബർ റീ ഇൻഫോസിസ് റണ്ണറിനു പകരം MS Angle Section ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനാൽ നിർമ്മാണ ചെലവിലുണ്ടാകുന്ന കുറവ് പരിഗണിച്ചായിരിക്കണം കരാറുകാരന് തുക നൽകേണ്ടതെന്നും ഘടകവസ്തുവിന്റെ ഗുണനിലവാരവും വാറണ്ടിയും ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. കരാറുകാരന് കരാറുടമ്പടി പ്രകാരമുള്ള മുഴുവൻ തുകയും ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് PWD തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റാ അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഐറ്റം ചെയ്തതെന്നും അതിൽ PP Slats And FRP Runnerകൂടി ഉൾപ്പെട്ട നിരക്കാണ് ഉപയോഗിച്ചിരിക്കുന്നതെന്നും എന്നാൽ പരാമർശിത പ്രവൃത്തിയുടെ Dataയിൽ PP Slats മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും FRPrunner ചേർത്തിട്ടില്ലായെന്നും MS Angle ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിരിക്കുന്നതെങ്കിലും അതിന്റെ നിരക്ക് ഒബ്സർവ്ഡ് ഡാറ്റായിൽ ഉൾപ്പെട്ടിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. സ്പെസിഫിക്കേഷൻ തയ്യാറാക്കുന്നതിനായി പഴയ ഒബ്സർവ്ഡ് ഡാറ്റാ എഡിറ്റ് ചെയ്തപ്പോൾ പറ്റിയ സാങ്കേതിക പിശക് മൂലം ഐറ്റത്തിന്റെ ഡിസ്ക്രിപ്ഷനിൽ FRP Runner കൂടി ഉൾപ്പെട്ടു പോയതാണെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. കരാറുകാരന് അധിക തുക നൽകിയിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു.

ഭരണസമിതി തീരുമാനവുമായി പ്രസ്തുത മറുപടി പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ ഭരണസമിതി ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-37 തൈ വിതരണം - തുടർ സംരക്ഷണം മോണിറ്ററിംഗ് ചെയ്തിട്ടില്ല

2020-21 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ മുഖേന വിതരണം ചെയ്ത വിവിധയിനം തൈകളുടെ തുടർ പരിപാലനം മോണിറ്ററിംഗ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1.

പദ്ധതിയുടെ പേര്	അങ്കണവാടി ജൈവഗ്രാമം - തുടർ പ്രവർത്തനങ്ങൾ
പദ്ധതി നമ്പർ	41/21
പദ്ധതി അടങ്കൽ	92,150 (വികസന ഫണ്ട് പൊതുവിഭാഗം)
പദ്ധതി ചെലവ്	92,150 (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം./ തീയതി	168/15.02.21

ബ്ലോക്ക് പഞ്ചായത്തിലെ 164 അങ്കണവാടികളിൽ ചെടിചട്ടികളിൽ പച്ചക്കറി തൈകൾ വച്ച് പിടിപ്പിച്ച് നൽകുന്നതിന് വേണ്ടി ലക്ഷ്യമിട്ട പദ്ധതിയുടെ ഭാഗമായി 164 എണ്ണം തൈകൾ സമൃദ്ധി ജൈവകൃഷി പരിശീലന കേന്ദ്രത്തിൽ നിന്നും വാങ്ങിയതിന്റെ രേഖയുണ്ട്. എന്നാൽ തൈകൾ ലഭിച്ചതായി വെമ്പായം, അരുവിക്കര പഞ്ചായത്തുകളിലെ 69 അങ്കണവാടികളിൽ നിന്നുള്ള കൈപ്പറ്റ് വിവരം മാത്രമാണ് ഫയലിൽ ഉള്ളത്. ബാക്കിയുള്ള 95 അങ്കണവാടികൾക്ക് പച്ചക്കറി തൈ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അങ്കണവാടി വെൽഫയർ കമ്മിറ്റികൾ വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ പദ്ധതിയുടെ തുടർപരിപാലനം അങ്കണവാടി വെൽഫയർ കമ്മിറ്റികൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കുകയോ കൃഷി ചെയ്യുന്ന വിധം, തുടർസംരക്ഷണം എന്നിവ മോണിറ്ററിംഗ് ചെയ്തതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.9/07.04.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് സാഹചര്യത്തിൽ അതിരോഗ വ്യാപന പ്രദേശങ്ങളായിരുന്ന പനവൂർ, ആനാട്, കരകുളം പഞ്ചായത്തുകളിലെ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി തൈകൾ എത്തിച്ചെങ്കിലും അങ്കണവാടികൾ അടഞ്ഞുകിടന്നതിനാൽ കൈപ്പറ്റു രസീത് ശേഖരിക്കുന്നതിന് സാധിച്ചില്ലായെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ അടഞ്ഞുകിടന്ന അങ്കണവാടികളിൽ എങ്ങനെയാണ് പച്ചക്കറി തൈകൾ വിതരണം ചെയ്തതെന്നും അവയുടെ തുടർപരിപാലനം നടന്നതെന്നും വ്യക്തമാക്കേണ്ടതും കൈപ്പറ്റു രസീത് ഹാജരാക്കേണ്ടതുമാണ്.

2.

പദ്ധതിയുടെ പേര്	ഹരിതകേരളം സമൃദ്ധി പൊതുസ്ഥലങ്ങളിൽ ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ
പദ്ധതി നമ്പർ	88/21
പദ്ധതി അടങ്കൽ	2,00,000 (വികസന ഫണ്ട് പൊതുവിഭാഗം)
പദ്ധതി ചെലവ്	2,00,000 (വികസന ഫണ്ട് പൊതുവിഭാഗം)
ബിൽ നം./ തീയതി	105/07.10.20

സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വെച്ചു പിടിപ്പിക്കുന്നതിനായി സമൃദ്ധി ജൈവകൃഷി പരിശീലന കേന്ദ്രത്തിൽ നിന്നും വാങ്ങിയ 100 യൂണിറ്റ് ഫലവൃക്ഷതൈകൾ ബ്ലോക്ക് പരിധിയിലെ 5 പഞ്ചായത്തുകളിലേയ്ക്കും വിതരണം ചെയ്തതിന്റെ രേഖകളും അവ പഞ്ചായത്ത് പരിധിയിൽ വെച്ചു പിടിപ്പിച്ചിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്തുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ തുടർ പ്രവർത്തനവും സംരക്ഷണവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഏൽപ്പിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. അപ്രകാരം ഏൽപ്പിച്ചുക്കൊണ്ടുള്ള രേഖകൾ ലഭ്യമാക്കുകയോ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ മോണിറ്ററിംഗ് ചെയ്തതിന്റെ റിപ്പോർട്ട് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.9/07.04.22 നുള്ള മറുപടിയിൽ മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച മറുപടി ഉൾപ്പെടുത്തുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

1-38 ആർദ്രം മിഷൻ പ്രോജക്ട് - തുക വകമാറ്റി ചെലവഴിച്ചതിന് അംഗീകാരം വാങ്ങിയിട്ടില്ല

പദ്ധതിയുടെ പേര്	ആർദ്രം മിഷൻ ജ്യോതിർഗമയ ബാല്യ
പദ്ധതി നമ്പർ	11/21
പദ്ധതി അടങ്കൽ	1,50,000 (പൊതുവിഭാഗം വികസനഫണ്ട്)
പദ്ധതി ചെലവ്	1,50,000 (പൊതുവിഭാഗം വികസനഫണ്ട്)
ബിൽ നം./തീയതി	217/27.03.21- തുക 1,50,000
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ

ബ്ലോക്ക് പഞ്ചായത്തിലെ 164 അങ്കണവാടികളിലെ കുട്ടികൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയുടെ രൂപീകരണ ഫോറം പ്രകാരം അടങ്കൽ തുകയായ 1,50,000 രൂപയിൽ 75,000 രൂപ അങ്കണവാടി സന്ദർശനം, അതുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കും 75,000 രൂപ അങ്കണവാടികുട്ടികൾക്ക് ഹോം റെമഡി കിറ്റ് മരുന്ന് വാങ്ങൽ എന്നിവയ്ക്കുമായാണ് വകയിരുത്തിയിരുന്നത്. എന്നാൽ മുഴുവൻ തുകയും മരുന്നു വാങ്ങുന്നതിനായി തന്നെ ഉപയോഗിച്ചിരിക്കുന്നു. കോവിഡ് സാഹചര്യത്തിൽ അങ്കണവാടികളിൽ സന്ദർശനം നടത്താൻ കഴിഞ്ഞിട്ടില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1,50,000 രൂപയ്ക്കും മരുന്ന് വാങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ള കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ രൂപീകരണ ഫോറം പ്രകാരം പ്രോജക്ട് പ്രവർത്തനങ്ങൾ വഴി ഉണ്ടാകുന്ന ഗുണങ്ങളുടെ വിലയിരുത്തൽ അങ്കണവാടി സന്ദർശനങ്ങളിലൂടെ മോണിട്ടറിംഗ് ചെയ്യേണ്ടതായിരുന്നു. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.7/06.04.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ വകയിരുത്തിയതിൽ നിന്നും അധികമായി തുക ചെലവഴിച്ച് മരുന്നു വാങ്ങിയതിന് കമ്മിറ്റിയിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ

പ്രത്യേക ഭാഗം]

3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി നൽകിയ 15000 രൂപ തിരികെ ഈടാക്കേണ്ടതാണ്

പദ്ധതിയുടെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
പദ്ധതി നമ്പർ	89/21
പദ്ധതി അടങ്കൽ	10,00,000 (വികസന ഫണ്ട് എസ്സിപി)
പദ്ധതി ചെലവ്	9,50,000 (വികസന ഫണ്ട് എസ്സിപി)
നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	പഠിക്കുന്ന കോഴ്സ്	അപാകത
1	അഖില ചന്ദ്രൻ.ആർ, 3എ ഹൗസ്	-	പഠിക്കുന്ന കോഴ്സ് ഏതാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പനവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ല.

2	ചന്ദ്രലേഖ.എസ്.എസ്, കിളിക്കൂട്, വെള്ളരിക്കോണം	MPEd	ആനാട് ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകുല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ല.
3	ഹരിക്കുട്ടി.എസ്.വി, ശ്രീഹരി ഭവൻ	BSc Nursing	ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകുല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഇല്ല.

2. ചുവടെ പറയുന്ന വിദ്യാർത്ഥികൾക്ക് ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.5 പ്രകാരം അർഹമായതിൽ നിന്നും അധികമായി സ്കോളർഷിപ്പ് തുക അനുവദിച്ചിരിക്കുന്നു (ട്രഷറി ബിൽ നം.26/PS/20-21, തീ.29.03.21 ബിൽ തുക-3,55,000 രൂപ).

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	പഠിക്കുന്ന കോഴ്സ്	സ്കോളർഷിപ്പ് തുക		
			അർഹമായത്	അനുവദിച്ചത്	അധികം നൽകിയത്
1	അനന്തു.ജി.എച്ച്, തുണ്ടുവിള വീട്, അരുവിക്കര	ബികോം	20000	30000	10000
2	ഷിബുരാജ്.ആർ.എസ്, രോഹിണി ഭവൻ	പോളി ടെക്നിക്ക്	20000	25000	5000
				ആകെ	15000

അധികമായി സ്കോളർഷിപ്പ് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുക്കൊണ്ടും അപേക്ഷകളിലെ അപാകതകൾ അറിയിച്ചുക്കൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണം നം.27/11.04.22 ന് വിശദമായ മറുപടി പിന്നീട് നൽകുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. അനർഹമായി നൽകിയ സ്കോളർഷിപ്പ് തുകയായ 15000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഒടുക്കുവിവരം ഓഡിറ്റിന് റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

	2019-20 B4 ഷെഡ്യൂൾ	2020-21 RP – 7,	ആകെ	സുലേഖ ചെലവ്	നീക്കിയിരിപ്പ്	20-21 B4 ഷെഡ്യൂൾ

	പ്രകാരം മുന്നിരിപ്പ്	RP31പ്രകാരം വരവ്		പത്രിക പ്രകാരം ചെലവ്		പ്രകാരം നീക്കിയിരിപ്പ്
ഗ്രാമ പഞ്ചായത്ത് വിഹിതം	998385	0	998385	**0**	998385	998385
ജില്ലാപഞ്ചായത്ത് വിഹിതം	8268601	217642	8486243	**0**	8486243	8486243
മുനിസിപൽ കോർപ്പറേഷൻ വിഹിതം	0	1,50,00000	1,50,00000	**0**	1,50,00000	1,50,00000

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാലൻസ് തുക
കേരളാ വാട്ടർ അതോറിറ്റി	അരുനിക്കര ഗ്രാമപഞ്ചായത്ത് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി(51/21)	269600/-	0	269600/-
	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(16/21)	2790000/-		2790000/-
	ആകെ	3059600/-		3059600/-

	2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2020-21വർഷത്തെ നിക്ഷേപം	ആകെ	ചെലവ്	നീക്കിയിരിപ്പ്	2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
വാട്ടർ അതോറിറ്റി	1863000/-	3059600/-*	4922600/-	0	4922600/-	1863000/-

*പ്രസ്തുത ചെലവ് എ.എഫ്.എസ് -ൽ RP ഷെഡ്യൂളിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം വിനിയോഗശേഷം ബാക്കിയുള്ള തുകയുടെ വിവരം B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിനിയോഗ ശേഷം ബാക്കിയുള്ള തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ക്രമ നം	സർട്ടിഫിക്കറ്റ് നമ്പർ/തീയതി	നിക്ഷേപ തുക	മെച്യൂരിറ്റി തീയതി	പലിശ നിരക്ക്	നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം
1.	0011623/29.04.20	2500000	29.04.2025	7.25%	ആനാട് ഫാർമേഴ്സ് സഹകരണ ബാങ്ക്
2	0020108/22.06.21	2653905	22.06.22	6.75%	“
3	0020203/12.08.21	2500000	12.08.22	6.75%	“
4	0020210/20.08.20	6,50,000	21.08.22	6.75%	“
5	0028178/04.10.21	2645000	04.10.22	6.75%	“

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരം

ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടി വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	11,29,44,772
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,57,35,704
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	15,000

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,12,32,586

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	15000	ശ്രീമതി ശ്രീകല, പട്ടികജാതി വികസന ഓഫീസർ

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	3,056	ഡോ.ശാന്തി.എൽ.പി, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-17	5,00,000	ശ്രീമതി.അംബിക ദേവി, ശിശുവികസന പദ്ധതി ഓഫീസർ, നെടുമങ്ങാട് (അഡീഷണൽ)
1-19	50,000	ശ്രീ.ആന്റണി റോസ്, അസിസ്റ്റന്റ് ഡയറക്ടർ (കൃഷിഓഫീസ്)
1-20	65,73,792	ശ്രീ. സുരേഷ് കുമാർ.കെ.എസ്, സെക്രട്ടറി
1-21	9,62,500	ശ്രീ. സുരേഷ്കുമാർ. കെ.എസ്, സെക്രട്ടറി
1-22	21,85,245	ശ്രീ.സുരേഷ് കുമാർ. കെ.എസ്, സെക്രട്ടറി
1-23	2,42,034	ശ്രീ.സുരേഷ് കുമാർ. കെ.എസ്, സെക്രട്ടറി
1-25	30,59,600	ശ്രീ.സുരേഷ് കുമാർ. കെ.എസ് സെക്രട്ടറി
1-26	61,39,359	ശ്രീ.സുരേഷ് കുമാർ. കെ.എസ് , സെക്രട്ടറി
1-27	20,000	ശ്രീ.സുരേഷ് കുമാർ. കെ.എസ്, സെക്രട്ടറി
1-28	14,97,000	ശ്രീ.സുരേഷ് കുമാർ. കെ.എസ് , സെക്രട്ടറി
ആകെ	**2,12,32,586**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

Sl.No	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1.	ശ്രീമതി ശ്രീകല, പട്ടികജാതി വികസന ഓഫീസർ	ലഭ്യമല്ല	ഷൈൻ സദനം,വയല പി ഒ, അഞ്ചൽ,കൊല്ലം
2	ശ്രീ.സുരേഷ് കുമാർ. കെ.എസ്, സെക്രട്ടറി	ശ്രീ. സുരേഷ് കുമാർ.കെ.എസ്, സെക്രട്ടറി, നെടുമങ്ങാട് ബ്ലോക്ക്	തിരുവാതിര,ആർ.എൽ.ആർഎ-215,ആയൂർക്കോണം, പേരൂർക്കട.പി.ഒ

		പഞ്ചായത്ത്	
3	ശ്രീ.ആന്റണി റോസ്, അസിസ്റ്റന്റ് ഡയറക്ടർ (കൃഷിഓഫീസ്)	അസിസ്റ്റന്റ് ഡയറക്ടർ (കൃഷിഓഫീസ്)	ചിക്കൂസ്, NCC നഗർ, പേരൂർക്കട പി.ഒ
4	ഡോ.ശാന്തി.എൽ.പി, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ (ഹോമിയോ)	പൊന്നമ്പലം, റ്റി.സി 29/1650, CRA155, വള്ളക്കടവ് പി.ഒ, തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ.റ്റിവിഎം/ബി.പി/1121/2018 തീയതി :07.06.2018	1
1998-99	കെ.എസ്.എ.റ്റിവിഎം/ബി.പി/1121/2018 തീയതി :07.06.2018	2
1999-00	കെ.എസ്.എ.റ്റിവിഎം/ബി.പി/1121/2018 തീയതി :07.06.2018	1
2000-01	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	5
2001-02	കെ.എസ്എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	3
2002-03	കെ.എസ്എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	8
2004-05	കെ.എസ്എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	2
2005-06	കെ.എസ്എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	2
2006-07	കെ.എസ്.എ.റ്റിവിഎംബി.പി/1121/ 2018 തീയതി :07.06.2018	11
2007-08	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	7
2008-09	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	2
2009-10	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018തീയതി :07.06.2018	5
2010-11	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	4
2011-12	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	4
2012-13	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018തീയതി :07.06.2018	1
2013-14	കെ.എസ്എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി :07.06.2018	2
2014-15	കെ.എസ്.എ.റ്റിവിഎം/ബി.പി/ 1121/2018 തീയതി	1

	:07.06.2018	
2015-16	കെ.എസ്.എ.റ്റിവിഎം/ബി.പി/210/2016 തീയതി 06.02.2017	10
2016-17	കെ.എസ്.എ.റ്റിവിഎം/ബി.പി/2097/2016 തീയതി 30.10.2017	12
2017-18	കെ.എസ്എ.റ്റിവിഎം.ബി.പി.1/164/2019 തീയതി: 09.07.2019	8
2018-19	കെ.എസ്എ.റ്റിവിഎം.ബി.പി.1/1802/2019 തീയതി:03.10.2019	24
2019-20	കെ.എസ്.എ.റ്റി.വി.എം.ബി.പി1/267/22 തീയതി 22.3.2022	17

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

S.24/5/22

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്